


## എൽ . ബി . എസ് . എം . എച്ച് . എസ് . എസ്
## അവിട്ടത്തൂർ

---

**ഡിജിറ്റൽ മാഗസിൻ**
**2024**

# എന്റെ വിദ്യാലയം




കുടപ്പുള്ളി നീലകണ്ഠൻ നമ്പൂതിരി വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് 1946 സ്കൂൾ ആരംഭിക്കുന്നതിനുള്ള അനുമതി വാങ്ങി, അവിട്ടത്തൂർ അപ്പർ പ്രൈമറി സ്കൂൾ എന്ന പേരിലാണ് ആരംഭിച്ചത്. 1956-ൽ നീലകണ്ഠ നമ്പൂതിരിയുടെ നിര്യാണത്തെ തുടർന്ന് സ്കൂൾ ഭരണം നിലവിലുള്ള അധ്യാപകർക്ക് കൈമാറി. 1960 ൽ കെ.ജി.നാരായണ അയ്യർ സ്കൂളിന്റെ ഹെഡ്മാസ്റ്ററും മാനേജരുമായി. കെ ജി നാരായണ അയ്യർ വിരമിച്ചപ്പോൾ ശ്രീ കെ ആർ കൃഷ്ണൻനമ്പൂതിരി സ്കൂളിന്റെ ഹെഡ്മാസ്റ്ററും

മാനേജരുമായി. 25വർഷത്തിലധികം അദ്ദേഹം സ്കൂളിലെ മാനേജരായി പ്രവർത്തിച്ചു. 1987 മുതൽ ശ്രീ എ സി എസ് വാര്യർമാസ്റ്റർ സ്കൂളിന്റെ മാനേജരായി പ്രവർത്തിച്ചു. ഇപ്പോൾ കെ.കെ കൃഷ്ണൻ നമ്പൂതിരി മാസ്റ്റർ മാനേജാരായി പ്രവർത്തിക്കുന്നു.1966ൽ ഈ സ്ഥാപനം യുപി തലത്തിൽ നിന്നും ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ ബഹുമാന സൂചകമായി ഈ സ്ഥാപനത്തിന് ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ എന്ന പേര് നൽകി . ഹൈസ്കൂളിന്റെ ആരംഭം മുതൽ ഹെഡ്മാസ്റ്റർമാരായി പ്രവർത്തിച്ച വന്നിരുന്ന ശ്രീ എ. എൻ നീലകണ്ഠൻ നമ്പൂതിരി ,ശ്രീ സി ജെ ജോൺ , ശ്രീ ഇ. എം പൗലോസ്, ശ്രീ ടി. എ പൊറിഞ്ചു, ശ്രീ കെ. എൽ ആന്റണി ,പി കാർത്തികേയൻ, ശ്രീമതി ജെസ്സി ജോസഫ് ,ശ്രീ കെ എ മോഹനൻ, ശ്രീമതി വി ജി വിമലകുമാരി ,ശ്രീ കെ എ വൃന്ദ്രോവിൽസൺ എന്നിവരും യുപി കാലഘട്ടത്തിൽ ഹെഡ്മാസ്റ്റർമാരായി പ്രവർത്തിച്ച ശ്രീ എൻ ആർ വറീത്, ശ്രീ സി എം വരദരാജൻ നായർ ,ശ്രീ കെ ജി നാരായണഅയ്യർ, ശ്രീ കെ. ആർ കൃഷ്ണൻനമ്പൂതിരി എന്നിവരുടെയും മഹനീയ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. രണ്ടായിരത്തിൽ ഈ സ്കൂൾ ഹയർ സെക്കൻഡറിയായി ഉയർത്തപ്പെട്ടു. ശ്രീ പി കാർത്തികേയൻമാസ്റ്ററാണ് പ്രഥമ പ്രിൻസിപ്പിൾ. സയൻസ്, ഹ്യൂമാനിറ്റീസ്,കോമേഴ്സ് എന്നി ബാച്ചുകൾ പ്രവർത്തിക്കുന്നു. ഇപ്പോൾ പ്രിൻസിപ്പാൾ ഡോ. എ വി രാജേഷ് മാസ്റ്ററും ഹെഡ്മാസ്റ്റർ ശ്രീ മെജോ പോൾ മാസ്റ്ററും ആകുന്നു .

# എഡിറ്റോറിയൽ


വിവരസാങ്കേതികവിദ്യ ഉന്നതിയിൽ നിൽക്കുന്ന ഈ കാലഘട്ടത്തിൽ നാം കാലത്തിനൊത്ത് സഞ്ചരിക്കണം. സാങ്കേതികവിദ്യയോട് പുറംതിരിഞ്ഞു നിൽക്കുന്നവർ ആധുനിക കാലത്ത് പിന്നോട്ട് തള്ളപ്പെടും. വിദ്യാഭ്യാസ-ശാസ്ത്ര, കാർഷിക-ഉൽപാദനരംഗങ്ങളിൽ വിവരസാങ്കികവിദ്യ മേൽകൈ നേടി. വിദ്യാഭ്യാസരംഗത്താകട്ടെ, ഒന്നാം ക്ലാസു മുതൽ ഉയർന്ന ജോലിസാധ്യതയുള്ള മത്സരപരീക്ഷകൾക്കുവരെയും ഉയർന്ന വിദ്യാഭ്യാസം ഇന്ന് ഇന്റർനെറ്റിലൂടേയും മറ്റും ലഭ്യമാണ്. ഇത്രയും തിരക്കേറിയ യുഗത്തിൽ വിദ്യാർത്ഥി-വിദ്യാർത്ഥിനികളും അതിനൊത്തുങ്ങുകയായി.അതെ എൽ.ബി.എസ്.എം.എച്ച്.എസ്.എസ് സ്കൂളിലെ ഒൻപതാംക്ലാസ് വിദ്യാർത്ഥികൾ ലിറ്റിൽകൈറ്റ്സിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. ഈ സ്കൂളിലെ സാമൂഹികശാസ്ത്ര അദ്ധ്യാപികയും ഐ.ടിമേഖലയിൽ പ്രാവീണ്യം തെളിയിച്ച സ്വീറ്റിടീച്ചറുടെയും ഇംഗ്ലീഷ് അദ്ധ്യാപിക മെർലിൻടീച്ചറുടെയും ആഭിമുഖ്യത്തിലാണ് കുട്ടികൾ ഈ ഡിജിറ്റൽമാഗസിൻ തയ്യാറാക്കിയത്. കുട്ടികളുടേയും, ടീച്ചർമാരുടെയും അശ്രാന്തപരിശ്രമം മാത്രമാണ് ഈ ഡിജിറ്റൽമാഗസിൻ പ്രസിദ്ധീകരിക്കാൻ കാരണമായത്. ഒപ്പം ലിറ്റിൽകൈറ്റ്സ് എന്ന സംരംഭവും കുട്ടികളിൽ വിവരസാങ്കേതികവിദ്യയെക്കുറിച്ച് കൂടുതൽ അറിവു നിറയ്ക്കാൻ സഹായിച്ചു. വിവരസാങ്കേതികവിദ്യയിൽ കഴിവു തെളിയിച്ച കുട്ടികളിൽ നിന്ന് തിരഞ്ഞെടുത്ത മിടുക്കരായ കുട്ടികളാണ് ഡിജിറ്റൽമാഗസികയുടെ അടിത്തറ. മറ്റു ടീച്ചർമാരും ഇതിനു വേണ്ടി സഹകരിച്ചു. എപ്പോഴും ഉപയോഗയോഗ്യമായ നിരവധി കംപ്യൂട്ടറുകൾകുട്ടികൾക്കു വേണ്ടി സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. ഈ ഡിജിറ്റൽമാഗസിനിൽ തങ്ങളുടെ അപൂർവ്വമായ രചനകൾ സമർപ്പിച്ച കുട്ടികളും ഇതിൽ പ്രധാന പങ്കുവഹിക്കുന്നു.

ഈ ഡിജിറ്റൽമാഗസിന്റെ എഡിറ്റർ സേററോസ് എന്ന വിദ്യാർത്ഥിനിയാണ്. മറ്റു കുട്ടികളായ വിസ്മയ, ആതിരഷിജു,ദേവിക, ലക്ഷ്മി, അശ്വതി, ഗോവിന്ദ്, അഭിനവ് തുടങ്ങിയവരും അണിയറയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു മഹനീയ നിമിഷത്തിൽ ഈ ഡിജിറ്റൽമാഗസിൻ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഈ ഡിജിറ്റൽമാഗസിൻ എല്ലാ സ്കൂളുകൾക്കും ഒരു ഉത്തമ മാതൃകയാകും എന്നതിൽ സംശയമില്ല. ഡിജിറ്റൽ മാസികയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദിപറയുന്നു.



**ചീഫ് എഡിറ്റർ**

**സേറ റോസ്**



# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

സേറ റോസ് പൗലോസ്

**കമ്മിറ്റി അംഗങ്ങൾ**

സപ്‌തമി കൃഷ്ണ പാക്കനാർ

എൻ എസ് ദേവിക

ലക്ഷ്മി സി എസ്

വൈഗ വിനോദ്

അശ്വതി സന്തോഷ്

വിസ്മയ എൻ എ

ആതിര മനോജ്

തേജാ കെ ടി

ഗോവിന്ദ് ബ്രിജേഷ്

ആര്യൻ കെ ജെ

ജിസ് മോൻ

# സമർപ്പണം

പ്രിയപ്പെട്ട കൂട്ടുകാരെ,

നമ്മുടെ ഭാവനയിൽ ഉദിക്കുന്ന ആശയങ്ങളാണല്ലോ കഥയായും കവിതയായും ചിത്രങ്ങളായും പുറത്തു വരുന്നത്. ഞങ്ങളുടെ മനസ്സിലെ താളുകളിൽ എന്നോ കുറിച്ചിട്ട അനുഭവങ്ങളാണ് ഈ മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പലപ്പോഴായി ഞങ്ങളുടെ മനസ്സിൽ ഉരുത്തിരിഞ്ഞ കൊച്ചു കൊച്ചു കഥകളും കവിതകളും ലേഖനങ്ങളും അടങ്ങിയ "ദലങ്ങൾ" എന്ന മാസിക ഞങ്ങൾ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. തെറ്റുകളും കുറവുകളും ഉൾക്കൊണ്ട് ഞങ്ങളുടെ ഈ സംരംഭത്തെ അംഗീകരിക്കാൻ ബഹുമാന്യരായ അധ്യാപകർക്കും വിദ്യാർത്ഥി സുഹൃത്തുക്കൾക്കും കഴിയും എന്ന ഉത്തമബോധ്യത്തോടെ ഈ മാസിക നിങ്ങൾക്ക് നല്ലൊരു അനുഭവമാകും എന്ന പ്രതീക്ഷയോടെ.

എഡിറ്റോറിയൽ കമ്മറ്റി



# സന്ദേശം

**മേജോ പോൾ**
**H M**

സാമൂഹിക പ്രതിബദ്ധതയാർന്ന ഊർജ്ജസ്വല ശൈലിയുമായി ഹ്രസ്വകാലത്തെ ചടുല സേവനത്തിലൂടെ ജനകോടികളുടെ ആരാധ്യ പുരുഷനായി മാറിയ ബഹുമാന്യനായ ലാൽ ബഹദൂർ ശാസ്ത്രീയുടെ സ്മരണാർത്ഥം കേരളത്തിൽ സ്ഥാപിതമായ ഏക സ്കൂളാണിതെന്ന സവിശേഷത അവിട്ടത്തൂർ എൽ ബി എസ് എം എച്ച് എസ് എസി ന്റേതാണ്. വിദ്യാഭ്യാസ ചരിത്രത്തിൽ മാതൃകാപരമായ മുന്നേറ്റങ്ങളിൽ ശ്രദ്ധേയമായ വിദ്യാലയം ആണ് എൽ ബി എസ് എം എച്ച് എസ് എസ് .ജില്ലയിൽ നടക്കുന്ന വിവിധ മേളകൾ, കലാസാഹിത്യമേളകൾ, സെമിനാറുകൾ, സാംസ്കാരിക സന്ധ്യകൾ തുടങ്ങിയവയിൽ സ്കൂളിന്റെ നിരവധി പ്രവർത്തനങ്ങൾ നേരിട്ടറിവുള്ളതാണ്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനായി തയ്യാറാക്കുന്ന ഈ മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. തുടർന്നും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നന്മകൾ നേരുന്നു



# ആശംസ

സ്കൂൾ മനേജർ

കെ കെ കൃഷ്ണൻനമ്പൂത്തിരി

ഭാഷ മനുഷ്യന്റെ ഏറ്റവും വലിയ സിദ്ധിയാണ് സർഗാത്മകമായി ഭാഷയെ ഉപയോഗപ്പെടുത്തുമ്പോൾ വിവിധ ശേഷികളെ വികസിപ്പിക്കാൻ കഴിയുന്നു ഈ ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ വിധത്തിൽ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ ചേർന്ന് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു ഈ ലോകത്തെ കൂടുതൽ തെളിവുള്ളതാക്കി മാറ്റുന്നതിന് പ്രിയരേ, നിങ്ങളുടെ പുതിയ സംരംഭത്തിന് ആവട്ടെ എന്ന് ആശംസിക്കുന്നു



# ആശംസ

സി ജെ ജോസ്
SITC

അവിട്ടത്തൂർ ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷവും ആശംസകളും അറിയിക്കുന്നു. ഈ ആധുനിക ലോകത്ത് നൂതന സാങ്കേതിക ഉപകരണങ്ങൾ നിർമ്മിക്കുകയും അത് സ്വന്തമാക്കുകയും ചെയ്തതിനേക്കാൾ ബുദ്ധിമുട്ട് അത് സ്വന്തം നന്മയ്ക്കും അതുപോലെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കും ഉപയോഗിക്കാൻ പഠിക്കുവാനാണ്. എങ്കിൽ മാത്രമേ യഥാർത്ഥത്തിൽ കണ്ടുപിടുത്തം ആവുകയുള്ളൂ. നമ്മുടെ ലിറ്റിൽകൈറ്റ്സിലെ കുട്ടികൾ വിവിധ മാർഗങ്ങളിലൂടെ കമ്പ്യൂട്ടർആനിമേഷൻ, മലയാളംടൈപ്പിംഗ് മൊബൈൽഫോൺആപ്പുകൾ മുതലായവ സ്വായത്തമാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. അങ്ങനെ അവർക്ക് സമൂഹത്തിൽ ഒരു ഉത്തമ പൗരനായി ജീവിക്കാൻ സാധിക്കട്ടെ എന്നും അവരുടെ എല്ലാ പ്രവർത്തനങ്ങളും വൻ വിജയമാകട്ടെ എന്നും ആത്മാർത്ഥമായി ആശംസിക്കുന്നു

# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സ്കൂളിലെ വിദ്യാർഥികളുടെയും അധ്യാപകരുടെയും സർഗാത്മക സൃഷ്ടികൾ കൊണ്ട് സമ്പുഷ്ടമാണ്. ഈ മാഗസിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും ഭാവുകങ്ങൾ നേരുന്നു. തുടർന്നും ഇത്തരത്തിൽ നല്ല പ്രവർത്തനങ്ങൾ ചെയ്യാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു



ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്മാർ
സ്വീറ്റി ടീച്ചർ & മെർലിൻ ടീച്ചർ

# ദളങ്ങൾ മറിയുമ്പോൾ


പ്രാർത്ഥനാഗീതം ........ 13
മികവുകൾ ........ 14-15
ജെ ആർ സി ........ 16-17
ഗൈഡ്സ് ........ 18-19
ലിറ്റിൽ കൈറ്റ്സ് ........ 20-23
സീഡ് ........ 24-25
ഉച്ചഭക്ഷണപദ്ധതി ........ 26-27
സ്പോർട്സ് ........ 28-31
പുണ്യം ........ 32-34
സുന്ദരി പൂക്കൾ ........ 35
ആരാണ് അയാൾ കഥ ........ 36-37
രാധയുടെ വിധി ........ 38-39
സമയം ........ 40-41
പുഞ്ചിരി ........ 42
ലഹരി ഒരു വിപത്ത് ........ 43-44
ശാസ്ത്രം നൽകുന്ന നേട്ടങ്ങൾ ........ 45-47
ഒരു മൂന്നാർ യാത്രയിലൂടെ ........ 48-49
നിനക്കായ് ........ 50
ഭോപ്പാൽ നൊമ്പരങ്ങൾ ........ 51
മണിപ്പൂരിൽ ........ 52-53
കാത്തിരിപ്പ് ........ 54-55
കലോത്സവം ........ 56-58
മേളകൾ ........ 59-60
പഠനക്ലാസ്സ് ........ 61
വിജയോത്സവം ........ 62
ആഘോഷങ്ങളിലൂടെ ........ 63-64
സ്കൂൾ വാർഷികം 2024 ........ 65-68
ചിത്രരചനകൾ ........ 69-70
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ........ 71
നന്ദി ........ 72



# പ്രാർത്ഥന ഗീതം

ശങ്കരൻ തന്നുടെ പാതിമെയ്യാകുന്ന
അംഗന മാർമണി ചാരുശീലേ
ഭംഗിയോടിന്നുകൈകൊട്ടിക്കളിപ്പാൻ
രംഗമൊരുക്കുക ശക്തിഭദ്രേ...

പങ്കജസംഭവ മാനസവെന്നൊരു
തുംഗസാരസ്വത ധന്യശീലേ
ഭംഗേതരം നവ കീർത്തനം ചൊല്ലുവാൻ
സംഗതിയേക നീ പുണ്യകീർത്തേ...

നാരായണൻ തന്റെ സാരമറിയുന്ന
നാരീമനോഹരി ലോകമാതേ
പാരാതെ സദ്ഗുണം വന്നുചേർന്നീടുവാൻ
പാരമനുഗ്രഹം നൽകിടേണേ....

# മികവുകൾ

അവിട്ടത്തൂർ ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ 2022-23 വർഷത്തിലെ എസ് എസ് എൽ സി പരീക്ഷയിൽ 22 വിദ്യാർത്ഥികൾക്കാണ് ഫുൾ A+ ലഭിച്ചത്. അധ്യാപകരുടെ ജ്ഞാനസമ്പുഷ്ടമായ വിദ്യാഭ്യാസവും പ്രവർത്തന മികവും കുട്ടികളുടെ ആഴത്തിലുള്ള അറിവും പഠനവും രക്ഷിതാക്കളുടെ പൂർണ്ണപിന്തുണയും ആണ് വിജയശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചത്.

# വിദ്യാലയത്തിന്റെ മിന്നും താരങ്ങൾ



ഫുൾ A+ ലഭിച്ചവർ





# JRC

2015 മുതൽ എട്ട്,ഒൻപത്,പത്ത് ക്ലാസ്സുകളിലെ കുട്ടികൾ അടങ്ങുന്ന ജെ ആർ സി യുണിറ്റ് ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു .ആരോഗ്യത്തിന് മുൻതൂക്കം കൊടുത്ത് പ്രവർത്തിച്ചു വരുന്ന ഈ യുണിറ്റ് ജൂൺ21ന് യോഗദിനം ആചരിക്കുകയുണ്ടായി. ജെ ആർ സി യുടെ ആഭിമുഖ്യത്തിൽ ജൂലൈ പത്താം തീയതി ചാലക്കുടി വെറ്ററിനേറിയൻസ് ക്ലബ്ബുമായി സഹകരിച്ച് ലോക ജന്തു ജന്യ രോഗങ്ങളെ കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചു. 2023 ആഗസ്റ്റ്12 തീയതി ഇരിഞ്ഞാലക്കുട ടൗൺഹാളിൽ വച്ച് സംഘടിപ്പിച്ച 2022-23 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സിക്ക് ഫുൾ എ പ്ലസ് നേടിയ ജെ ആർ സി കേഡറ്റ്സിനെ അനുമോദിക്കുന്ന ചടങ്ങിൽ നമ്മുടെ യൂണിറ്റിലെ എട്ടു കേഡറ്റ്സ് വളണ്ടിയേഴ്സ് ആയി സേവനം നടത്തി.



നവംബർ 30 തീയതി ഈ അധ്യയനവർഷത്തിൽ പുതിയതായി ജെ ആർ സിയിൽ ചേർന്ന കുട്ടികൾക്ക് Capping Ceremony നടത്തി. ജനുവരി 25ന് സ്കൂൾതലത്തിൽ ജെ ആർ സി കുട്ടികൾക്ക് ഫസ്റ്റ് എയ്ഡ് സെമിനാർ നടത്തി.



# GUIDES

അംബികടീച്ചറുടെ നേതൃത്വത്തിൽ 32 കുട്ടികൾ അടങ്ങുന്ന ഒരു Guide Unit HS വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്നു. Sept 24 25, 26 ദിവസങ്ങളിൽ ചാലക്കുടി ക്രസന്റ് പബ്ലിക് School ൽ നടന്ന പെട്രോൾ ലീഡേഴ്സ് ക്യാമ്പിൽ നമ്മുടെ സ്കൂളിൽ നിന്ന് 4 പേർ നന്ദന, അതുല്യ,നയന , ശ്രേയ എന്നിവർ പങ്കെടുത്തു. St.Mary'sSchoolൽ വച്ചു നടന്ന Dwithiya Sopantestൽ. SreyaV.S, NayanaBabu, Athulya,Sreelakshmi , Ananya Babu, Diya N S, Theertha T Girish എന്നിവർപങ്കെടുത്തു വിജയിക്കുകയും ചെയ്തു. നമ്മുടെ School ന്റെ Unit Campഉം HSS Guides ഉം ഒന്നിച്ച് Sept 9, 10, 11 തീയതികളിൽ നടത്തുകയുണ്ടായി. Rajyapuraskar ടെസ്റ്റ് ജനുവരി12th 3മണി മുതൽ 14th 3മണി വരെ St.Marys HSS കുഴികാട്ടുശ്ശേരിയിൽ വച്ച് നടന്നു.നമ്മുടെ 6കുട്ടികൾ അതിൽ പങ്കെടുത്തു Ardra K.V,Anamika E.S ,Gopika V.G, AvaniStalin Nanadhana M.S ,Anna Grace Poulose എന്നിവരാണ്. Sept 18, 19 തീയതികളിൽ ഒരു over night hike നടത്തി. മുരിയാട് അണ്ടിക്കമ്പനിയുടെ അടുത്തു നിന്ന് പുറപ്പെട്ട് ആനരുളി വഴി പല്ലൂർ പൊതുമ്പു ചിറ വഴി School ൽ എത്തി പിറ്റേദിവസം രാവിലെ 10 മണിക്ക്

കുട്ടികൾ വീടുകളിലേക്ക് പോയി. 7 കുട്ടികളാണ് ഇതിൽ പങ്കെടുത്തത് Ardra K.V,Anamika E.S ,Gopika V.G, AvaniStalin, Nanadhana M.S ,Anna Grace Poulose എന്നിവരാണ് Hike ൽ പങ്കെടുത്തവർ.



# LITTLE KITES

കുട്ടികളുടെ IT കൂട്ടായ്മയായ Little Kites IT club നമ്മുടെ സ്കൂളിൽ 2018 ൽ ആരംഭിച്ചു. 2001 ൽ ആരംഭിച്ച IT@school project ന്റെ തുടർച്ച എന്ന നിലയിലാണ് Little kites പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പദ്ധതിയിലെ ഓരോ അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ കടന്നുപോകാനുള്ള സുവർണ്ണാവസരമാണ് മൂന്ന് വർഷത്തെ club പ്രവർത്തന കാലയളവിലൂടെ ലഭിക്കുന്നത്. ഹൈടെക് ഉപകരണപരിപാലനം, graphics and Animation, Scratch programming, Python Programming, Mobileapp നിർമ്മാണം, Robotics, electronics, Malayalam computing, Desktop publishing, documentation എന്നിങ്ങനെ വിവിധ മേഖലകളിലായാണ് കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നത്.

# സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം

സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനത്തോടനുബന്ധിച്ച് സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുക,പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരത്ത് നടത്തപ്പെടുന്ന ഫ്രീഡം ഫെസ്റ്റിന്റെ സ്കൂൾ തല ഉദ്ഘാടനം ഓഗസ്റ്റ് 9 തീയതി അവിട്ടത്തൂർ എൽ ബി എസ് എം എച്ച്എസ്എസിൽ നടത്തുകയുണ്ടായി. മാനേജർ ശ്രീ കെ കെ കൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. സ്വാഗതം സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ മേജോ പോൾ മാസ്റ്ററും പി.ടി.എ പ്രസിഡൻറ് കെ എസ് സജു അദ്ധ്യക്ഷ പ്രസംഗവുംനടത്തി,കൈറ്റ്മിസ്ട്സ് സ്വീറ്റിടീച്ചർ നന്ദി പറഞ്ഞു. റോബോട്ടിക്ക് മാതൃകകളുടെയും ഉപകരണങ്ങളുടെയും പ്രദർശനം നടത്തി. സ്കൂളിലെ എസ് ഐ ടി സി ജോസ് മാസ്റ്റർ, കൈറ്റ്മിസ്ട്രസ്സുമാരായ സ്വീറ്റിടീച്ചർ,മെർലിൻ ടീച്ചർ, 8,9,10 ക്ലാസ്സുകളിലെ ലിറ്റിൽകൈറ്റ് കുട്ടികളുമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പ്രദർശനം കാണാനും റോബോട്ടിക്ക്പ്രവർത്തനങ്ങൾ മനസ്സിലാക്കാനുമുള്ള അവസരം ലഭിച്ചു.



# സ്കൂൾതല ക്യാമ്പ്

അവിട്ടത്തൂർ എൽ ബിഎസ്എം എച്ച് എസ് എസ് സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ 1/9/2023വെള്ളിയാഴ്ച സ്കൂൾ തല ക്യാമ്പ് നടത്തി. ഓണാഘോഷത്തെ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ പ്രവർത്തനങ്ങളാണ് പ്രധാനമായും ക്യാമ്പിൽ അവതരിപ്പിക്കപ്പെട്ടത്. മാസ്റ്റർ ട്രെയിനി ജിനോ മാസ്റ്ററും, കൈറ്റ് മിസ്ട്രസ്സ് മെർലിൻ ടീച്ചറുമാണ് ക്യാമ്പിന് നേതൃത്വം കൊടുത്തത്.ഹെഡ്മാസ്റ്റർ മെജോമാസ്റ്റർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സ്ക്രാച്ച്പ്രോഗ്രാമിംഗ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ റിഥംകമ്പോസർ ഉപയോഗിച്ചുള്ള ഓഡിയോ ബീറ്റുകൾ ,പൂക്കൾ ശേഖരിച്ച്ഓണപ്പൂക്കളമൊ രുക്കുന്ന കമ്പ്യൂട്ടർ ഗെയിമുകൾ,ഓപ്പ ൺ ടൂൾസ് ഉപയോഗിച്ച് ഉണ്ടാക്കു ന്ന അനിമേഷൻ റീ ലുകൾ,ജിഫ് ചി ത്രങ്ങൾ,ഓണവുമായി ബ ന്ധപ്പെട്ട പ്രൊ മോഷൻ വീഡി യോകൾ തയ്യാറാ ക്കൽ എന്നിവ യായിരുന്നു ക്യാമ്പി ലെ പ്രവർത്തന ങ്ങൾ.മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികളെ നവംബറിൽ നടക്കുന്ന ഉപജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു



# രക്ഷിതാക്കൾക്കുള്ള ക്ലാസ്സ്

ഹൈടെക് പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ തുടങ്ങിയ Little Kites IT കൂട്ടായ്മയിലെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് parents ന് അവബോധം ലഭിക്കുന്നതിനുവേണ്ടി Master Trainee Jino മാസ്റ്റുടെ നേതൃത്വത്തിൽ ഒരു awareness class നടത്തുകയുണ്ടായി. എട്ട്, ഒൻപത് ക്ലാസ്സുകളിലെ Little kites കുട്ടികളുടെ മാതാപിതാക്കൾ എല്ലാവരും ഈ Class ൽ പങ്കെടുത്തു. സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും, അഭിരുചിയുമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഈ ക്ലാസ്സ്.



# SEED

## സാർത്ഥകമായ പ്രവർത്തനങ്ങളിലൂടെ

പതിനഞ്ച് വർഷങ്ങളായി മാതൃഭൂമി സീഡിന്റെ പ്രവർത്തനങ്ങളിൽ ഈ സ്കൂളിന്റെ സജീവമായി പങ്കാളിത്തമുണ്ട്. കാർഷികം, ജല- ഊർജ്ജ- ജൈവവൈവിധ്യസംരക്ഷണ ശുചിത്വ-, ആരോഗ്യസുരക്ഷാ- ബാലവകാശം- ലഹരി വിരുദ്ധ ബോധവത്കരണം എന്നിങ്ങനെ വിവിധ പരിപാടികൾ നടത്തി. ഗ്രോ ഗ്രീൻ എന്ന പദ്ധതിയുടെ ഭാഗമായി സീഡ് അംഗങ്ങളുടെ വീടുകളിലേക്ക് പച്ചക്കറി തൈകളും ഗ്രോബാഗും വിതരണം ചെയ്തു. ഔഷധസസ്യ പ്രശ്നോത്തരി, ഔഷധസസ്യ പരിചയപ്പെടൽ, ഔഷധക്കഞ്ഞി വിതരണം, വയോജനങ്ങൾക്കൊപ്പം സെൽഫി, ഇലക്കറി വിഭവം തയ്യാറാക്കൽ, എന്നിങ്ങനെയുള്ള പരിപാടികൾ സീഡിന്റെ ആഭിമുഖ്യത്തിൽ നടത്തി. സീഡിന്റെ എല്ലാ പ്രവർത്തനങ്ങളിലും സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ മേജോ പോൾ, മാനേജർ കെ കെ കൃഷ്ണൻ നമ്പൂതിരി സീഡ് കോഡിനേറ്റർ രമ കെ മേനോൻ, സുജ കെ ,സ്റ്റാഫ് അംഗങ്ങൾ ,സീഡ് കുട്ടികൾ എന്നിവരുടെയെല്ലാം സജീവ പങ്കാളിത്തം എടുത്തു പറയേണ്ടതാണ്.


FEDERAL BANK
SEED Haritha Vidyalayam 2022-23
Five Thousand only
5,000/-
FEDERAL BANK


ലോക പരിസ്ഥിതി ദിനം
ജൂൺ 5
LBSMHSS
AVITTATHUR







# ഉച്ചഭക്ഷണ പദ്ധതി

2023-24 അധ്യയന വർഷത്തിലെ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി സ്കൂൾ തുറക്കുന്ന ദിവസം തന്നെ ആരംഭിച്ചു. പാലും മുട്ടയും ഇലക്കറികളും ഒപ്പം പോഷകസമൃദ്ധമായ അരിയും ഉൾപ്പെടുത്തി വിഭവ സമൃദ്ധമായ ഭക്ഷണം തന്നെ വിതരണം ചെയ്തു വരുന്നു. മാസത്തിലൊരിക്കൽ ഉച്ചഭക്ഷണക്കമ്മിറ്റി യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. എല്ലാ ദിവസവും ഏതെങ്കിലും രക്ഷിതാവോ അദ്ധ്യാപകരോ ഉച്ചഭക്ഷണം രുചിച്ചു നോക്കി അഭിപ്രായം രേഖപ്പെടുത്തി പോരുന്നു. മാസത്തിൽ ഒരു തവണ ബിരിയാണിയും പറ്റുമെങ്കിൽ പായസവും നൽകുന്ന തരത്തിൽ കമ്മറ്റിയുടെ തീരുമാനമനുസരിച്ച് നടപ്പിലാക്കി വരുന്നു. പഞ്ചായത്ത് തലത്തിൽ നിന്ന് വാർഡ് മെമ്പറും ഉദ്യോഗതലത്തിൽ നിന്ന്

നൂൺ മീൽ ഓഫീസർമാരും ആരോഗ്യ വകുപ്പ് അധികൃതരും പി.ടി. എ.അംഗങ്ങളും അടുക്കളയും ഭക്ഷണശാലയും സന്ദർശിക്കുകയും ഭക്ഷണം രുചിച്ച് നല്ല രീതിയുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ,വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി പച്ചക്കറിത്തോട്ടം ആരംഭിച്ചിട്ടുണ്ട്.



# SPORTS

## FOOT Ball





ഈ വിദ്യാലയത്തിന്റെ മുഖമുദ്രയായപെൺകുട്ടികളുടെ ഫുട്ബോൾ ടീം ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. ടീമിന്റെ പരിശീലകൻ സന്തോഷ് ട്രോഫി താരവും റിട്ടയേർഡ് DYSP യുമായ ശ്രീ തോമസ് കാട്ടുക്കാരൻ ആണ്

ഫുട്ബോൾ അക്കാദമിയിൽ നിന്നുള്ള കുട്ടികൾ ദേശീയതലത്തിലും സംസ്ഥാന തലത്തിലും സെലക്ഷൻ നേടി മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. തൃശ്ശൂർ റവന്യൂ ജില്ലാ ചാമ്പ്യൻഷിപ്പിൽ U-14, U-19 വിഭാഗത്തിൽ ചാമ്പ്യൻഷിപ്പും,U-17 റണ്ണർ അപ്പുമായി. Reliance foundation youth Sports South Kerala ചാമ്പ്യൻഷിപ്പിൽ U-15 വിഭാഗത്തിൽ ഈ വിദ്യാലയത്തിലെ പെൺകുട്ടികൾ ഒന്നാം സ്ഥാനം നേടി.



# SWIMMING

57 Golden years

നീന്തലിൽ അമ്പത്തേഴാം തവണയും ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ലയിൽ ചാമ്പ്യൻപട്ടം നിലനിർത്താൻ ഈ വിദ്യാലയത്തിന് സാധിച്ചു. മുപ്പത്തിയേഴോളം വിദ്യാർത്ഥികൾ പങ്കെടുത്ത നീന്തൽ മൽസരത്തിൽ 264 പോയിൻ്റ് നേടാൻ സാധിച്ചു. മുപ്പതു വിദ്യാർത്ഥികൾ റവന്യൂ ജില്ലാ മൽസരത്തിലും ഇരുപത്തഞ്ച് കുട്ടികൾ സംസ്ഥാന തലത്തിലേക്കും തെരഞ്ഞെടുക്കപ്പെട്ടു.നീന്തൽ മൽസരത്തിന് നമ്മുടെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചത് കായികാധ്യാപകനായ ആൽഡ്രിൻ മാസ്റ്ററും, ശ്രീ ഐ.സി. രാജു, ശ്രീ. സജിത്ത് എന്നിവരാണ്. PTA മെമ്പർമാരുടേയും രക്ഷാകർത്താക്കളുടേയും മികച്ച പിന്തുണ ഉണ്ടായിരുന്നു.



# നേട്ടങ്ങൾ


KERALA STATE SCHOOLS
AQUATICS
CHAMPIONSHIP
congratulations
PARVATHY
Sub Junior Girls
50m Butterfly Stroke
8th Position
LBSMHSS AVITTATHUR
AQUATICS
CHAMPIONSHIP
congratulations
ANJALI KRISHNA
Junior Girls
400m Freestyle
7th Position


സംസ്ഥാന സ്കൂൾ
നീന്തൽമേള
8th position
200m Backstroke
AKSHARA pAnil
4* 100 relay 7th position
ATHULKRISHNA
സംസ്ഥാന സകൂൾ
നീന്തൽമേള
ANAMIKA NR
200 backstroke
7thposition
52nd kerala school
aquatic championship
subjunior girls butterfly
സംസ്ഥാന സ്കൂൾ
നീന്തൽമേള
ANAYKRISHNA
8th position

# TWINKLING STARS

## VOLLEY BALL



ഈ വർഷത്തെ സ്കൂളിന്റെ മിന്നും താരങ്ങളായ വോളി ബോൾ ടീം അംഗങ്ങൾ ആദ്യ കളിയിൽ തന്നെ ഉപജില്ല തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി . ജില്ലാ തലത്തിലേക്കി മികച്ച പ്രകടനം കാഴ്ച്ചവെച്ച ആറുപേരെ സെലക്ട് ചെയ്തു.

# പുണ്യം

വീടിനു മുൻപിൽ ആരോ വിളിക്കുന്ന സ്വരം കേൾക്കുന്നു.ഒരമ്മ പുറത്തേക്ക് വരുന്നു നോക്കുമ്പോൾ ഒരു ഭിക്ഷക്കാരൻ. എന്നാൽ ആ ഭിക്ഷക്കാരൻ വളരെയധികം ചെറുപ്പമായിരുന്നു. ഇത്ര ചെറുപ്രായത്തിൽ ഭിക്ഷയ്ക്ക് ഇറങ്ങേണ്ടി വന്ന ആ കുട്ടിയോട് അമ്മയ്ക്ക് സഹതാപം തോന്നുന്നു. അമ്മ വീട്ടിനകത്തു നിന്നും കുറച്ച ഭക്ഷണവും കുറച്ച പണവും അവനുവേണ്ടി കൊടുക്കുന്നു. അവനത് വാങ്ങുമ്പോൾ അവന്റെ മുഖത്ത് ഒരു ചെറു സന്തോഷം ഉണ്ടായിരുന്നു. അതിൽ ആ  അമ്മയുടെ മനസ്സും വളരെയധികം സന്തോഷിച്ചു. അമ്മ മെല്ലെ അവന്റെ അടുത്തിരുന്നു കൊണ്ട് ചോദിച്ചു. നിനക്ക് എങ്ങനെയാണ് ഈ അവസ്ഥ വന്നത്. അവൻ പതുക്കെ ആ അമ്മയുടെ മുഖത്തുനോക്കി. പതുക്കെ അവൻ തന്റെ ജീവിതത്തിൽ ഉണ്ടായ സംഭവം അമ്മയോട് പറയുന്നു. എനിക്ക് ഒമ്പതോ പത്തോ വയസ്സുള്ളപ്പോൾ എന്റെ അച്ഛനും അമ്മയും ഒരു അപകടത്തിൽ മരിച്ചുപോയി. ബന്ധുക്കൾ ഉണ്ടെങ്കിലും ആരും വരുമായിരുന്നില്ല കാരണം ഞങ്ങളുടെ കയ്യിൽ അധികം പണം ഒന്നും ഉണ്ടായിരുന്നില്ല. കുടുംബാംഗങ്ങൾക്കു മേലുള്ള ബന്ധങ്ങൾ ഇന്ന് പണത്താൽ അകന്നു പോകുന്നു.ഇതെല്ലാംപറയുമ്പോൾഅവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ദാരധാരയായിവരുന്നുണ്ടായിരുന്നു എങ്കിലും അവൻ തുടർന്നു പറഞ്ഞു;ഒരവസരത്തിൽ എനിക്ക് എന്റെ ജീവിതം അവസാനിപ്പിക്കണം എന്ന് തോന്നി പക്ഷേ പണ്ട് അമ്മ പറഞ്ഞ വാക്കുകൾ ഓർക്കുമ്പോൾ എന്നിൽ നിന്നും ആ ചിന്ത അകറ്റിനിർത്തി. ജീവിതം ഒന്നേയുള്ളൂ അത് നമ്മൾ പരമാവധി ഉപയോഗിക്കണം. ഇനിയും മുന്നോട്ട്, ഇതെല്ലാം എനിക്ക് ആത്മവിശ്വാസം നൽകുന്നവയായിരുന്നു. ഞാൻ ഒറ്റയ്ക്കാണ് ഇന്നീ നിമിഷം. അമ്മ അവനെ ചേർത്തുപിടിച്ചുകൊണ്ടു പറഞ്ഞു ഇല്ല നീ ഒറ്റയ്ക്കല്ല ഞാനുണ്ട്

കൂടെ. എനിക്ക് നിന്റെ സങ്കടങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട് കാരണം ഞാനും ഒറ്റയ്ക്കാണ്. നിനക്ക് സമ്മതമാണെങ്കിൽ എന്റെ കൂടെ താമസിക്കാം. പതുക്കെ പതുക്കെ അവൻ ആ സ്ത്രീയെ അമ്മ എന്ന് വിളിച്ച് തുടങ്ങി. അമ്മ അവനെ മകനെ എന്നും. ആ അമ്മ അവന്  വിദ്യാഭ്യാസം നൽകി. ആ അമ്മ അവനെ   വിദ്യാലയത്തിൽ ചേർത്തു.അവൻ പഠനത്തിൽ മികച്ച വിജയം കാഴ്ചവച്ചു. കുറെ വർഷങ്ങൾ കഴിഞ്ഞു. കാലങ്ങൾ കഴിഞ്ഞു പോകവേ ആ അമ്മയ്ക്ക് പ്രായമായി. ആ മകൻ പഠിച്ച് ഒരു ഡോക്ടറായി. ചില സന്ദർഭങ്ങളിൽ ആ മകന് പഠനത്തിന്റെ ആവശ്യത്തിനായി വീട് വിട്ട് പോകേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം ആ അമ്മ മകനെയോർത്ത് കരയുമായിരുന്നു. കാരണം ആ അമ്മ മകനെ വളരെയധികം സ്നേഹിച്ചിരുന്നു. കുറച്ചുനാളുകൾക്കു ശേഷം ഒരു ദിവസം ആ അമ്മയ്ക്ക് പെട്ടെന്ന് വയ്യാതെയായി. അമ്മ വേഗം തന്നെ ഒരു ആശുപത്രിയിൽ പോയി. പക്ഷേ അവിടെ അവർക്കുള്ള മരുന്ന് ഉണ്ടായിരുന്നില്ല. അമ്മ ആ നിമിഷം വളരെ ഭയന്നിരുന്നു.കാരണം ഇനി എന്തു ചെയ്യും എന്ന് ആ അമ്മയ്ക്ക് അറിയില്ലായിരുന്നു. കുറച്ച് അകലെയുള്ള ആശുപത്രിയിൽ ആ അമ്മ പോയി. ഭാഗ്യവശാൽ  ആ ആശുപത്രിയിൽ അവർക്ക് ആവശ്യമായ മരുന്നുണ്ടായിരുന്നു. അവിടെ മരുന്നുമായി വന്ന ഡോക്ടറെ കണ്ട് അമ്മയുടെ കണ്ണുകൾ വിടർന്നു. കാരണം അത് ആ അമ്മയുടെ മകനായിരുന്നു.മകൻ അമ്മയ്ക്ക് മരുന്ന് നൽകുന്നു. ഇപ്പോൾ അമ്മയ്ക്ക് മുൻപ് ഉണ്ടായിരുന്ന പേടിയെല്ലാം മാറി. മകനെ കണ്ടപ്പോൾ ആ അമ്മയുടെ മനസ്സ്  സന്തോഷം കൊണ്ട് നിറഞ്ഞു. അമ്മ അവനോടായി പറഞ്ഞു നീ വീട്ടിൽ ഇല്ലാത്തപ്പോൾ എനിക്ക് വിഷമമാകാറുണ്ട്. ഇത് കേട്ടതും മകൻ  പറഞ്ഞു; വിഷമിക്കേണ്ട അമ്മേ, അടുത്ത കുറച്ചുദിവസം ഞാൻ അവിടെ നിൽക്കാൻ വരാം. പിന്നെ എനിക്ക് ചിലപ്പോൾ വരാൻ പറ്റിയില്ലെന്നും വരാം. അതിൽ അമ്മ വിഷമിക്കേണ്ട. മകൻ തന്റെ

അധ്വാനം കൊണ്ട് വാങ്ങിച്ച ഒരു ഫോൺ അമ്മയെ ഏൽപ്പിക്കുന്നു. ഇതിൽ എന്നെ വിളിച്ചാൽ എനിക്ക് അമ്മയോടൊപ്പം സംസാരിക്കാൻ കഴിയും. അമ്മയുടെ മനസ്സ് നിറഞ്ഞു. നീ പലരുടെയും ജീവനാണ് സംരക്ഷിക്കുന്നത് അതിൽ ഈ അമ്മയായ ഞാൻ സന്തോഷിക്കുന്നു. ഈ വിജയത്തിന് എല്ലാം കാരണം അമ്മയാണെന്ന് അവൻ പറയുന്നു. അമ്മ പറയുന്നു'നിന്റെ അധ്വാനമാണ് നിന്റെ വിജയത്തിന് കാരണം' അവർ പരസ്പരം സംസാരിക്കുകയും തമാശകൾ പങ്കുവയ്ക്കുകയും ചെയ്തു. മകൻ പറഞ്ഞു ജീവിതം ഒരു യാത്രയാണ് മരിക്കും വരെ, പലസ്ഥലങ്ങളിലും പോകേണ്ടതായും , ഇറങ്ങേണ്ടതായും  വന്നേക്കും അതെല്ലാം ജീവിതത്തിന്റെ ഭാഗമാണ്.അമ്മയുടെ മനസ്സ് ആനന്ദമായി.അവർപരസ്പരം പുഞ്ചി.ആ പുഞ്ചിരി .ഏവരുടെയുംമനസ്സുനിറയ്ക്കുന്നതായിരുന്നു



Krishnapriya K. H.

7 A

# സുന്ദരി പൂക്കൾ

വേലിപ്പടർപ്പിൽ പടർന്നു  പിടിച്ചതൻ
സുന്ദരമേകി തഴുകി തൻ പൂക്കൾ
ആനന്ദമേകി തഴുകി തൻ കാലത്തിൻ
ഓർമ്മകൾ പുതുക്കി തൻ ജീവിതം നീളെ
ബാല്യകാലത്തിലെ ഓർമ്മകൾ പുതുക്കുമീ
ചിതറിത്തെറിക്കുന്ന നിലാ പൂക്കൾ
പോകുമീ വഴികളിൽ ചിന്തകൾ ഉണർത്തുമീ
നടപ്പാതയിൽ നിന്നുണർത്തിയെൻ ചിന്തകൾ
പൂക്കളിൽ നിൻ ജീവിതം നിന്നുള്ളിൽ
തണലായി നീയുമീ വഴികളിൽ
നീ പോകവേ ഒരു നിമിഷം.....
പൂമ്പൊടിയായി നിൻ നീരുറവകൾ
വറ്റി വരളുമീ രാഗം.....
വറ്റി വരളുമീ രാഗം.....

Krishnapriya K. H.
7 A



# ആരാണയാൾ...?

## കഥ

മോളേ എഴുന്നേൽക്കുന്നില്ലേ? അമ്പലത്തിൽ പോകുന്നില്ലേ. അടുക്കളയിൽ നിന്നുമുള്ള അമ്മയുടെ ശബ്ദം കേട്ട് ഗൗരി ഞെട്ടിയുണർന്നു. നേരം 6:00 മണി, ഇന്നലെ വൈകി കിടന്നതു കൊണ്ടാ ഇന്ന് നേരം വൈകിയത്. ഗൗരി കട്ടിലിൽനിന്ന് എണീറ്റ് പെട്ടെന്നു തന്നെ പ്രഭാതകൃത്യങ്ങളെല്ലാം ചെയ്തു വസ്ത്രം മാറി അമ്പലത്തിലേക്കിറങ്ങി. എല്ലാ ചൊവ്വാഴ്ചയും, ബുധനാഴ്ചയും മാരിയമ്മൻ കോവിയിലേക്ക് പോകുന്ന ശീലം ഗൗരിക്കുണ്ട്. അമ്മേ ഞാൻപോയിട്ടു വരാം. ശരി മോളേ വേഗം വരണേ. അമ്മയോട് യാത്രപറഞ്ഞ് ഗൗരി കോവിലിലേക്ക് നടന്നു നീങ്ങി. കുറച്ചധികം ദൂരമുണ്ട് വനപ്രദേശമാണ് കഷ്ടിച്ച് ഒരാൾക്ക് നടക്കാനുള്ള വഴിയേ ഉണ്ടാകൂ. രാവിലെയാണെങ്കിലും തിങ്ങി നിറഞ്ഞമരങ്ങൾ കാരണം വെളിച്ചം നിലത്തേക്കുപതിക്കാതെ അവിടം ഇരുണ്ടുമൂടി കിടക്കുന്നു. എങ്ങും ശാന്തത നിറഞ്ഞുനിന്നു.പക്ഷികളുടെ ശബ്ദം ഇടയ്ക്കിടയ്ക്ക് ദൂരേ നിന്ന് കേൾക്കാം. കരിയിലകൾനിറഞ്ഞുകിടക്കുന്ന വഴിയിലൂടെ അവൾ നടന്നു നീങ്ങി. ധാരാളം മോഹങ്ങളും സ്വപ്നങ്ങളും ഉള്ള ഒരു സാധാരണ കുടുംബത്തിലെ പെണ്ണാണ് ഗൗരി. പഠിച്ച് ഒരു ഡോക്ടർആവാനാണ് അവളുടെ ആഗ്രഹം. വീട്ടിലെ കടബധ്യത, മറ്റുപ്രശ്നങ്ങളും അവളുടെ ആഗ്രഹത്തിന് ഒരുതടസ്സമാണ്. വീട്ടിലെ പ്രശ്നങ്ങളും കുടുമ്പത്തെ കടബാധ്യതകളും മാറി ആവളുടെ അഗ്രഹം നിറവേറാൻ അവൾപലപ്പോഴും മാരിയമ്മയോട് കരഞ്ഞി പ്രാർത്ഥിക്കാറുണ്ട്. പെട്ടെന്ന് അവളുടെ പിന്നിലൂടെ ഒരു കറുത്ത രൂപം തെന്നി മാറുന്നതുപോലെ അവൾക്ക് തോന്നി. ഗൗരി പെട്ടെന്ന് പിൻതിരിഞ്ഞു പക്ഷെ അവിടെ ഒന്നും ഉണ്ടായിരുന്നില്ല. അവൾതെല്ലു ഭയത്തോടെ മുൻപോട്ടു നടന്നു. അമ്പലം എത്താറായി. പിന്നിൽ കരിയിലകളിൽ മറ്റാരോ നടന്നവരുന്ന കാലൊച്ച കേട്ട് തിരിഞ്ഞ് നോക്കി. പക്ഷേ അപ്പോഴും അവിടെ ഒന്നും ഉണ്ടായിരുന്നില്ല. മാരിയമ്മയെ മനസ്സിൽ വിചാരിച്ച് അവൾപെട്ടെന്ന് നടന്നു. കോവിലിൽ എത്തിപ്പോൾ അവൾക്ക് മനസ്സിന് ഒരാശ്വാസം

തോന്നി.അമ്പലത്തിൽപുഷ്പാർച്ചന നടത്തി മനസ്സുരുക്കി പ്രാർത്ഥിച്ചു. ശ്രീകോവിലിലെ ദേവി അവളെ നോക്കി പുഞ്ചിരിക്കുന്നതു പോലെതോന്നി. പ്രസാദം നൽകാനായി തിരുമേനി പുറത്തേക്ക് വന്നു ഇടയ്ക്കിടെ വരുന്നതു കൊണ്ട് തിരുമേനിക്ക് ഗൗരിയെ നല്ല പരിചയമാണ്.ഗൗരിയുടെ മുഖത്തെ വാട്ടം കണ്ടപ്പോൾ തിരുമേനി കാര്യം തിരക്കി. എയ് ഒന്നുമില്ല, തിരുമേനി എന്നവൾപറഞ്ഞു അമ്പലത്തിൽ നിന്നിറങ്ങി എന്തോ മനസ്സിന് ഒരു സുഖവും ഇല്ല. തിരിച്ചു പോകുമ്പോൾ മുൻപുണ്ടായതു പോലെയുള്ള അനുഭവം ഉണ്ടാകുമോ എന്ന ഭയവും. അവൾ ക്ഷേത്രത്തിലേക്ക് തിരിച്ചു കയറി എന്നിട്ട് തിരുമേനിയോട് പറഞ്ഞു; ഞാൻ ഇങ്ങോട്ടു വന്നപ്പോൾ എന്റെ പുറകിൽ എന്തോ നിൽക്കുന്നതു പോലെയോ പിൻതുടരുന്നത് പോലെയോ എനിക്ക് തോന്നി തിരുമേനി. തിരിച്ചു പോകുമ്പോൾ അങ്ങനെയെന്തെങ്കിലും അനുഭവത്തെപ്പടുമോ എന്നാലോചിച്ച് മനസ്സിൽ ഒരു ഭയം. ചിരിച്ചു കൊണ്ട് തിരുമേനി പറഞ്ഞു, നമ്മുടെ മനസിലെ ആവശ്യമില്ലാ തോന്നലുകൾ നമ്മുടെ ലക്ഷ്യത്തിൽ നിന്ന് നമ്മളെ പിന്തിരിപ്പിക്കും ചീത്ത ചിന്തകൾ നമ്മെ വ്യാകുലപ്പെടുത്തും നിന്റെ മനസ്സ് അസ്വസ്ഥമായതു കൊണ്ടാണ് നിനക്ക് അങ്ങനെ തോന്നിയത് മനസ്സിൽധൈര്യമുള്ളവർക്ക് എന്തും പൊരുതി ജയിക്കാനാകും. ലക്ഷ്യം നേടാനാകും ഞാൻ പറയണത് മനസ്സിലാക്കുന്നുണ്ടോ കുട്ട്യേ .ഒരു നിമിഷം നിശബ്ദമായി എന്നിട്ട് തിരുമേനിയോട് പറഞ്ഞു ഉവ്വ് മനസ്സിലാവുന്നുണ്ട് തിരുമേനി. ഗൗരിയുടെ മനസ്സിൽ എന്തെന്നില്ലാത്ത ഇന്നേവരെ ആരും അവൾക്ക് നൽകാത്ത ഒരാത്മവിശ്വാസം, ധൈര്യം, പ്രതീക്ഷയെല്ലാം അവൾക്ക് അനുഭവപ്പെട്ടു. പുതിയയൊരു ജീവിതത്തിലേക്ക് ലക്ഷ്യത്തിന്റെ വഴിയിലേക്ക്, പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മനസ്സുമായി അവൾനടന്നു നീങ്ങി.



**നന്ദന എം എസ്**
10A

# രാധയുടെ വിധി

തണുപ്പ് ശരീരത്തെ വിട്ടു നീങ്ങിയപ്പോൾ അവൾ ഞെട്ടിപിടഞ്ഞെണീറ്റു."എൻ്റീശ്വരാ.....നേരം ആറരയോ? ഇനി എങ്ങനെ എട്ടരയ്ക്ക് അമ്മൂനെ പറഞ്ഞയയ്ക്കും".അവൾ പിറുപിറുത്തു.രാത്രിയിലെ ക്ഷീണം അവൾ മറച്ചുപിടിച്ചാലും അവളുടെ മുഖം അത് പുറത്ത് കാണിച്ചു.പാലു കൊണ്ടു വന്ന രുഗ്മണിചേച്ചിയുടെ ചോദ്യം അവൾക്ക് അരോചകരമായി തോന്നി;"നീ എന്താടി പെണ്ണേ ഇന്നലെ ഉറങ്ങിയില്ലേ,അവൻ വല്ല ബഹളോം ഉണ്ടാക്കിയോ?"

എല്ലാത്തിനും കൂടി മുഖം കൊടുക്കാതെ തന്നെ "ഹേയ്... ഇല്ല" എന്ന മറുപടിയിലൊതുക്കിയെങ്കിലും രാത്രിയുടെ ഭീകരത അവളിൽ തികട്ടിവരുന്നുണ്ടായിരുന്നു.വളരെ വേഗത്തിൽ പണികൾ ഓരോന്നായി തീർത്ത് എട്ടുമണിയായപ്പോഴേയ്ക്കും ആ മനുഷ്യനെ പറഞ്ഞുവിട്ടു.അയാളെക്കുറിച്ച്(അവളുടെ ഭർത്താവുദ്യോഗസ്ഥനെ) എന്തു പറയാനാ...ഇങ്ങനെയൊരു മനുഷ്യൻ! കൂലി പണിയാണ്..ചീത്ത പറഞ്ഞ് ഉന്തി വിടണം.ഇടയ്ക്കൊക്കെയാണ് പണിക്ക് പോകുന്നത്.പോയാലും കുടുംബത്തേക്ക് വലിയ കാര്യമൊന്നുമില്ല.കുടിക്കില്ല,അ യാൾക്ക് തോന്നിയരീതിയിൽ ഭക്ഷണത്തിനോ,മൊബൈൽ ചാർജ്ജ് ചെയ്യാനോ ചെലവിക്കും .അത്രക്കേ കിട്ടുന്നുള്ളൂന്ന് കൂട്ടിക്കോളൂ...കാരണം സ്വന്തമായി ഒരു പണിയും അറിയില്ല...മറ്റുള്ളവരുടെ അസിസ്റ്റൻ്റ് ഉദ്യോഗേള്ളൂ!

അവൾ എല്ലാം സഹിക്കുന്നത് മകളേക്കുറിച്ചോർത്ത് മാത്രമാണ്.

ഓരോന്നോർത്ത് ചായകുടിച്ച് ഇത്തിരിനേരം ഇരുന്നുപോയ അവൾ വീണ്ടും സജീവമായി. ഉറങ്ങി കിടന്നിരുന്ന മകളെ ഉണർത്തുന്നതിനുള്ള ശ്രമം തുടങ്ങി."ചക്കരമുത്തല്ലേ!...ഇന്ന് സ്കൂളില്..പോണ്ടേ...അമ്മേടെ മുത്തല്ലേ! എണീക്ക് ...അമ്മ നൂൽപൂട്ടുണ്ടാക്കി

വച്ചിട്ടുണ്ട്" .മകളെ ഉണർത്തി മടിയിലിരുത്തി കുറച്ചുനേരം താലോലിച്ചു." അയ്യോ!വേഗം വേണം. ഇന്ന് വണ്ടി നേരത്തേ വരും .ആനുവേഴ്സറിയല്ലേ! ടീച്ചറ് പ്രത്യേകം പറഞ്ഞിരുന്നു.... വേഗമാകട്ടെ എന്റെമ്മൂ...."

അമ്മയുടെ വാക്കുകളിലെ വേഗതയെ നിസാരവൽക്കരിച്ച് പ്രകൃതിയെ നോക്കിയിരിക്കുന്ന അമ്മു അറിയുന്നുണ്ടോ അമ്മയുടെ വേവലാതികൾ!

" അമ്മേ ആ അണ്ണാന് അമ്മയില്ലേ...അമ്മേപോലെ അയിനെ കൊഞ്ചീക്കോ? ചോറ് വായേല് കൊടുക്കോ?"

അമ്മുവിന്റെ ചോദ്യങ്ങളെ അവഗണിക്കാനും  വയ്യാ...മറുപടി പറഞ്ഞിരിക്കാനും നേരം പോരാ...എന്നാലും "ഉവ്വമ്മൂ...നീ എണീറ്റ് വേഗം പല്ലുതേച്ച് കുളിക്ക്"

അമ്മയുടെ അലസമായ മറുപടി അമ്മുവിനെ തൃപ്തിപ്പെടുത്തിയില്ലയെന്നു മാത്രമല്ല,തുടർചോദ്യങ്ങളും വന്നുകൊണ്ടിരുന്നു.

"ഇവളെ ഞാനിന്ന് ശരിയാക്കാം ,പോയ് പല്ലുതേയ്ക്ക്...കുളിയും ഭക്ഷണവും കഴിക്കാൻ വേണം നേരം ...അപ്പോഴേയ്ക്കും വരും വണ്ടി കവലേല് "അമ്മയുടെ ചൂരൽപ്രയോഗം കാര്യങ്ങൾക്ക് വേഗത കൂട്ടാൻ അമ്മുവിനെ സഹായിച്ചു.

"ഇന്നല്ലേ ഡാൻസിന്റെ  ബാക്കി കാശ് കൊടുത്തു തീർക്കേണ്ടത്"...ഓർത്തെടുത്ത് ഓടിപ്പോയി മല്ലികചേച്ചിയുടെ വായിലെ ചീത്തയും കയ്യിലെ അഞ്ഞൂറു രൂപയും വാങ്ങി വന്നു രാധ.

കുടുംബത്തിന്റെ എല്ലാചെലവും നോക്കാൻ ഈ രാധ തന്നെ വേണം . "ഈശ്വരാ.. എന്റെ മാത്രം വിധി ഇതാണല്ലോ?" പുറത്തു വരാത്ത വാക്കുകൾ തൊണ്ടയിലൊതുക്കി മകളെ ഒരുക്കാൻ തുടങ്ങി.വല്ലവരുടെ വീട്ടുപണി ചെയ്ത് ഇങ്ങനെയൊക്കെ കുടുംബം നോക്കിയിട്ടും വൈകിട്ട് ഭർത്താവിന്റെ ശകാരവും തല്ലും കൊള്ളാനാണ്  രാധയുടെ വിധി!അവളും പെണ്ണായി പോയി എന്നതാണോ കാരണം?

------------------------

ലത പി മേനോൻ
UPST

# സമയം




അവൾ ഓടുന്നു. പ്രകൃതി സുന്ദരമായ ഇടവഴികളിലൂടെ അവൾ ഓടുന്നു. സൂര്യന്റെ രശ്മികൾ പതുക്കെ ഉദിച്ച് വരുന്നു. പച്ചപ്പ് നിറഞ്ഞ ആ പാതയിലൂടെ അവൾ ഓടുന്നു. അവൾക്കൊന്ന് ആ പ്രകൃതി ഭംഗി ആസ്വദിക്കാനോ ഒന്നു നോക്കാൻ പോലും സമയമുണ്ടായിരുന്നില്ല. അവൾ ഓടിയോടി വീടിന്റെ വരാന്തയിലെത്തുന്നു. കൈയ്യിൽ ചെറിയ തുണിസഞ്ചിയുണ്ട്. അതിലെ കിലുക്കം അവളെ വളരെയധികം അസ്വസ്ഥതപ്പെടുത്തിയിരുന്നു. പതിവുപോലെ അവളുടെ അമ്മ വീട്ടിലെത്തി. എപ്പോഴും ജോലിയുടെ കാര്യത്തിൽ മാത്രമായിരുന്നു അവളുടെ ശ്രദ്ധ. അവൾ ഒരു ദിവസം അമ്മയോട് പറഞ്ഞു: എനിക്ക് വേണ്ടി അൽപ നേരമെങ്കിലും ഒന്ന് സമയം കണ്ടെത്താമോ ഇത് കേട്ടതും അമ്മയുടെ മുഖം കോപം കൊണ്ട് നിറഞ്ഞു. അമ്മ ദേഷ്യത്തോടെ പറഞ്ഞു, നീ എന്ത് അറിവില്ലായ്മയാണ് പറയുന്നത്. പണം കിട്ടണമെന്നുണ്ടെങ്കിൽ ജോലി തന്നെ ചെയ്യണം അവൾ സ്വരം താഴ്ത്തി പറഞ്ഞു അതെല്ലാം ശരി തന്നെ പക്ഷേ ഞാൻ വളരെ കുറച്ച് സമയം മാത്രമല്ലേ ചോദിക്കുന്നുള്ളൂ. അമ്മ വീണ്ടും കോപത്തോടെ കുറേയധികം വഴക്കു പറഞ്ഞു. അവൾക്കിനി പറയാൻ വാക്കുകൾ ഉണ്ടായിരുന്നില്ല. അവളുടെ ഹൃദയമിടിപ്പ് കൂടിക്കൂടി വന്നു. അവൾ തന്റെ മുറിയിലേക്ക് വന്ന് ഒരു സ്ഥലത്തിരുന്നു.എന്നിട്ട് കുറേ കരഞ്ഞു. ഉറക്കം അവളെ പതുക്കെ നയിച്ചു. അവൾ മയങ്ങിപ്പോയി. പതിവ് പോലെ നേരം വെളുത്തു. അവൾ അതിരാവിലെ എഴുന്നേറ്റു. കണ്ണുകളടച്ച് സ്വയം ഒരു തീരുമാനമെടുത്തു. അവൾ പതുക്കെ വീടിന്റെ വാതിൽ തുറക്കുന്നു. അവളുടെ കണ്ണിൽ നിന്നും കണ്ണീർ ധാരധാരയായി ഒഴുകി. അപ്പോഴും അവളുടെ കൈയ്യിൽ ആ നാണയത്തുട്ടുകളുണ്ടായിരുന്നു. അവൾ തെരുവിലേക്ക് നടക്കുന്നു. അധികം ആരെയും അവൾക്ക് പരിചയം ഉണ്ടായിരുന്നില്ല.കാരണം അവളെ എപ്പോഴും അവളുടെ അമ്മ വീട്ടിൽ തന്നെ ഇരുത്തുമായിരുന്നു. അവൾ ആ തെരുവിൽ ഒരു സ്ഥലത്തിരുന്നു. അമ്മ തന്നെ അന്വേഷിച്ച് വരുമോ, ഇനി വീണ്ടും വഴക്ക് പറയുമോ എന്നുള്ള ഭയം അവൾക്കുണ്ടായിരുന്നു. അമ്മ പതിവ് പോലെ എഴുന്നേൽക്കുന്നു. ഇന്നവളുടെ ഒരൊച്ചയും , അനക്കവുമെന്നും കാണുന്നില്ലല്ലോ! അമ്മ എല്ലായിടത്തും അന്വേഷിക്കുന്നു. അവളെ എവിടെയും കണ്ടില്ല. അമ്മക്ക് കുറ്റബോധം തോന്നുന്നു. താൻ ഇന്നലെ പറഞ്ഞതിൽ അവൾക്ക് വിഷമമുണ്ടായേക്കാം, അതുകൊണ്ടാനെ വ ഇറങ്ങിപ്പോയതെന്ന് തോന്നുന്നു. അമ്മയുടെ കണ്ണിൽ നിന്നും

കുറ്റബോധത്താൽ കണ്ണുനീർ ധാരധാരയായി ഒഴുകി. അമ്മേ വേഗം തെരുവിലേക്ക് ഇറങ്ങിയോടുന്നു. പല സ്ഥലത്തും നോക്കുന്നു. പക്ഷേ അവളെ എവിടെയും കണ്ടില്ല. ഒടുവിൽ ഒരു അഴുക്കു നിറഞ്ഞ തെരുവിൽ അവളെ കാണുന്നു. അവൾ അമ്മയെ കാണുന്നു. അമ്മ തന്നെ വഴക്കുപറയുമോ എന്ന ഭയം അവർക്കുണ്ടായിരുന്നു. പെട്ടെന്ന് ഒരു അത്ഭുതമുണ്ടായി. മോളേ എന്ന് വിളിച്ച് കൊണ്ട് ആ അമ്മ ഓടിവന്നു. ഇത്ര വലിയ അപരാധമാണ് അമ്മയെന്ന നിലയിൽ ഞാൻ നിന്നോട് കാണിച്ചതെന്ന് എനിക്കറിയില്ലായിരുന്നു. എന്നോട് പൊറുക്കണം മോളേ . ഞാൻ പണത്തിന്റെ കാര്യം മാത്രമേ നോക്കിയിരുന്നുള്ളൂ. ഇനി മുതൽ നിനക്കായി ഞാൻ എന്നും സമയം കണ്ടെത്തും. അവൾപറഞ്ഞു, ഇന്നെങ്കിലും അമ്മക്ക് സ്വന്തം തെറ്റ് മനസ്സിലാക്കാൻ കഴിഞ്ഞതിൽ ഞാനിന്ന് സന്തോഷിക്കുന്നു. ജോലിക്ക് പോകുന്നതിന് മുമ്പുള്ള അമ്മയുടെ അതേ സ്വഭാവം ഇന്നിതാ എനിക്കു തിരിച്ച് കിട്ടിയിരിക്കുന്നു. ഇനി മുതൽ ഞാനൊരു നല്ല അമ്മയായി രിക്കും. നിന്നോടൊപ്പം ഞാൻ എന്നും കൂടെയുണ്ടാകും. അവർ പരസ്പരം നോക്കി പുഞ്ചിരിക്കുന്നു. ഇതെല്ലാം അമ്മ തന്റെ മൂത്ത ജ്യേഷ്ഠനോട് പറയുന്ന സ്വന്തം ജീവിത കഥയാണ്. ജ്യേഷ്ഠന് ഇത് ഒട്ടും തന്നെ വിശ്വസിക്കാനായില്ല. അപ്പോൾ ജൂലി എന്ന അനിയത്തി ചായയുമായി വരുന്നു. ഇതെല്ലാം ഉള്ളതാണോ എന്ന് ജ്യേഷ്ഠൻ അവളോട് ചോദിക്കുന്നു. അവൾ പറഞ്ഞു, ഇതെല്ലാ൦ ഉള്ളതു തന്നെയാ . കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി നമ്മൾ ഒന്നാണ്. അവർ മൂവരും തമ്മിൽ തമ്മിൽ തമാശകൾ പറഞ്ഞ് പുഞ്ചിരിക്കുന്നു.

Krishnapriya K H
7A

# പുഞ്ചിരി

ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെയീ പുഞ്ചിരിയൊന്നു മാത്രം
മഴവില്ല് പോലെ നീ മനസ്സിൽ
തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും
കൃഷ്ണതുളസി ചൂടിയ നിന്റെ യീ വാർമുടിച്ചുരുളിലെത്താൻ
മണമില്ല , മധുവില്ല, പൂജക്കെടുക്കില്ല
താനേ വളർന്നൊരു കാട്ടുപൂവാണു ഞാൻ
വിടരുംമുമ്പേ പൊഴിയുന്ന ഇതളുള്ള പൂജക്കെടുക്കാത്ത കാട്ടുപൂവാണു
ഞാൻ
വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള പൂജക്കെടുക്കാത്ത
കാട്ടുപൂവാണു ഞാൻ
ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻ മുൻപിലെത്തീടുമ്പോൾ
നിന്റെ കൊലുസിന്റെ നാദങ്ങളിൽ താനേ മറന്നൊന്നു നിന്നിടുന്നു
ഒന്നും പറയാതെയറിയാതെ
പോയിടുന്നു
ഇഷ്ടമില്ലെന്നൊരു വാക്കു നീ ചൊല്ലിയാൽ വ്യർത്ഥമായി
പ്പോകുമെന്ന് ജീവിതം
നീ നടക്കും വഴിയോരത്ത് എന്നെ കണ്ടാൽ ചിരിക്കാതെ
പോകരുതേ നിന്റെയീ
പുഞ്ചിരി മാത്രം മതിയെനിക്കുള്ള കാലം
കാത്തിരിക്കാൻ
ഇനിയുള്ള കാലം കാത്തിരിക്കാൻ

അതുല്യ സുബി

8C

# ലഹരി ഒരു വിപത്ത്

ലഹരി എന്നത് ഇന്ന് സമുഹത്തിൽ ഏറെ വിപത്തായി ക്കൊണ്ടിരിക്കുന്നു . പുതിയ തലമുറയെ അപ്പാടെ നശിപ്പിക്കുന്ന ഒന്നാണ് ലഹരി എന്ന് നമുക്കറിയാം. ഈ സമുഹത്തിന്റെ സ്വത്തായി വളരേണ്ട പുതുതലമുറ ഇന്ന് ലഹരിയുടെ ഇരുമ്പഴിയിൽ കിടന്ന് നശിക്കുകയാണ് .ലഹരിമരുന്നുകൾ തു കേറിക്കുനത് വ്യക്തിപരമായും സാമൂഹികപരമായും ദേഷമാണെന്നിഞ്ഞിട്ടും ഇന്ന് ലഹരിയുടെ ഉപയോഗം കൂടുന്നതല്ലാതെ കുറയുന്നില്ല. അടുത്തറിയാവുന്ന ചില പ്രശ്നങ്ങൾ നമ്മൾ ഗൗനിക്കാതെ പ്രതികരിക്കാതെയിരിക്കുന്നതുമൂലം അത്തരം പ്രശ്നങ്ങൾ കൂടുതൽ വഷളാകുയും ചെയ്യുന്നു

ഇന്ന് സമൂഹത്തിൽ എപ്പോഴും കാണുന്നതും കേൾക്കുന്നതുമായ കാര്യമാണ് ലഹരിയുടെ ഉപയോഗം. അൽപ്പ നേരത്തെ സന്തോഷത്തിനും ആഹ്ലാദത്തിനുമായി നമ്മൾ ഉപയോഗിക്കുന്ന മയക്കുമരുന്ന്. കഞ്ചാവ് മദ്യം സിഗരറ്റ് പോലുള്ള ലഹരികൾ പിന്നീട് ഒരിക്കൽ നമ്മുടെ നാശത്തിന് തന്നെ വിനയ വിനയായി തീരും എന്നത് ഓർക്കണം. ഇതിൽ ഏറ്റവും കൂടുതൽ വിഷമകരമായ കാര്യം എന്തെന്നാൽ ലഹരിക്കടിമപ്പെടുന്നത് നമ്മുടെ യുവതലമുറയാണെന്നതാണ് കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇന്ന് മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ട്. 12 വയസ്സു മുതൽ 24 വയസ്സ് വരെയുള്ള വരിലാണ് ലഹരി ഉപയോഗം കൂടുതലായി കാണുന്നത്. ഉപയോഗിക്കുന്തോറും അവയില്ലാതെ ജീവിക്കാൻ പറ്റാത്ത മരണം വരെ ഉണ്ടാക്കാവുന്ന ഈ ലഹരി കൂടുതലായും പിടികൂടുന്നത് സ്കൂൾ വിദ്യാർത്ഥികളെയാണ. പ്രായത്തിന്റേതായശാരീരിക മാനസിക വളർച്ച രൂപപ്പെട്ടുവരുന്ന ഈ വേളകളിൽ ലഹരി ഉപയോഗിച്ചാൽ പിന്നീട് അവർക്ക്

അതിൽ നിന്ന് പിന്മാറാൻ പറ്റാത്ത അവസ്ഥയുണ്ടാകുകയും അതുമൂലം ഭാവി തന്നെ നശിക്കുകയും ചെയ്യുന്നു. ഇവ ഉപയോഗിക്കുന്നത് മൂലം മാനസിക ബോധം നഷ്ടപ്പെടുകയും കൊല അക്രമം ചെയ്യാൻ ഒരുവനെ പ്രേരിപ്പിക്കുന്നു. ഇത്തരം കേസുകൾ നമ്മുടെ സമൂഹത്തിൽ ഇന്ന് വർദ്ധിച്ചുവരുന്നു. ഉപയോഗം തടയാൻ പലതരത്തിലുള്ള ക്ലബ്ബുകളും ഗൈഡ്സ് സ്കൗട്ട് തുടങ്ങിയ പ്രസ്ഥാനങ്ങളും മുന്നോട്ടിറങ്ങുന്നുണ്ട്. ഉപയോഗിക്കുമ്പോഴും ഉപയോഗിക്കാൻ പ്രേരിപ്പിക്കുമ്പോഴും ഒന്ന് ആലോചിക്കുക താൻ എത്ര വലിയ തെറ്റാണ് എന്നോടും എൻറെ സമൂഹത്തോടും ചെയ്യുന്നതെന്ന്. അമിതമായി ലഹരി ഉപയോഗിക്കുന്നതുകൊണ്ട് സാമൂഹികമായും ഗാർഹികമായും ക്രമസമാധാനം ഇല്ലാതാവുകയും ശാരീരിക പ്രശ്നങ്ങൾ ഉണ്ടാകുകയും ലൈംഗിക അതിക്രമങ്ങൾക്ക് ഒരു വ്യക്തി മുതിരുകയും ചെയ്യുന്നു.നാം ജൂൺ 26 ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നു. തടയാം നമുക്ക് ഒരുമിച്ച് ലഹരിയെ നല്ലൊരു നാളേക്ക് ആയി നമുക്ക് എല്ലാവർക്കും കൈകോർക്കാം.

നന്ദന M S
10A

# ശാസ്ത്രം നൽകുന്ന നേട്ടങ്ങൾ

ലോകം അനുദിനം ശാസ്ത്രസാങ്കേതികനേട്ടങ്ങളാൽ പുരോഗമിക്കുകയാണ്.നിരന്തരം മാറ്റങ്ങൾക്കു വിധേയമാവുകയാണ്. പഴയകാലവുമായി താരതമ്യപ്പെടുത്തുമ്പോൾ നാമിന്ന് ഏതോ വിസ്മയ ലോകത്താണെന്ന് പറയണം.

മാനവരാശിക്ക് ശാസ്ത്രം നൽകിയ സംഭാവനകൾ വളരെ വലുതാണ്. അക്കമിട്ടുനിരത്തുവാൻ പറ്റാത്ത വിധമുണ്ട് അവ. ആധുനിക യുഗത്തിലെ സകല സംഭാവനകളും ശാസ്ത്രത്തിന്റെ സംഭാവനകളാണ്.മനുഷ്യന്റെ സകലസുഖസൗകര്യങ്ങൾക്കും കാരണം ശാസ്ത്രം തന്നെയാണ്.വിമാനവും,ട്രെയിനും,കപ്പലും, സൈക്കിളും,മോട്ടോർവാഹനങ്ങളും ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളാണ്. വൈദ്യുതി ശാസ്ത്രത്തിന്റെ സംഭാവനയാണ്. വൈദ്യുതിയുടെ സഹായം ഇല്ലാത്തെ ലോകത്തിനു നിലനിൽപ്പില്ല. ശാസ്ത്രത്തിന്റെ മറ്റൊരു മഹാവരമാണ് വാർത്താവിനിമയസംവിധാനം. ആധുനിക ലോകത്തിനു സന്ദേശങ്ങൾ കൈമാറാൻ ദൂരമോ സ്ഥലമോ ഇന്ന് ഒരു വിഷയമല്ല ആർക്കും എന്തും എവിടെ നിന്നും ആരോടും സംസാരിക്കാം. കമ്പ്യൂട്ടറുകളും, ഇന്റർനെറ്റുകളും, ഫോണുകളും വാർത്താവിനിമയരംഗത്തെ പരിമിതികളെ തുടച്ചു കളഞ്ഞു.

അഞ്ചലോട്ടക്കാരിൽ നിന്ന് സ്മാർട്ട്ഫോൺ വരെ എത്തിനിൽക്കുന്ന നമ്മുടെ വാർത്താവിനിമയത്തിന്റെ പുരോഗതി. റേഡിയോയും ടെലിവിഷനും ലോകമെമ്പാടും ലഭ്യമാണ്. ലോകത്തിലെ ഏത് കാര്യവും നമുക്ക് മുന്നിൽ എത്തിക്കുന്നതിൽ പ്രമുഖസ്ഥാനം ഇവയ്ക്കുണ്ട് .ശബ്ദത്തിന്റെ മുഴുവൻ സാധ്യതകളും റേഡിയോ ഉപയോഗപ്പെടുത്തുന്നു. ടെലിവിഷൻ ശബ്ദവും ദൃശ്യവും ഒരുമിപ്പിച്ച് ലോകത്തെവിടെയുള്ള സംഭവങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ട് പോകുന്നു. ഇവയൊക്കെ സാധ്യമാക്കിതന്നത് നമ്മുടെ ഉപഗ്രഹവാർത്തവിനിമയ സംവിധാനങ്ങളാണ്. ബഹിരാകാശ ഗ്രഹങ്ങളും നമ്മുടെ കൈയെത്തും ദൂരയായി.

കാർഷികരംഗത്തും ശാസ്ത്രം മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആധുനിക കൃഷിരീതി ശാസ്ത്രത്തിന്റെ സംഭാവനകളാണ്. ശാസ്ത്രസാങ്കേതികവിദ്യ കുറഞ്ഞ വിസ്തൃതിയുള്ള കൃഷിഭൂമിയിൽ നിന്ന് അത്യുല്പാദനം സംഭാവന ചെയ്യുന്നു.കൃഷിയുടെ സംരക്ഷണത്തിനാവശ്യമായ മരുന്നുകളും ഉപകരണങ്ങളും, ജലസേചനസംവിധാനങ്ങളും ശാസ്ത്രത്തിന്റെ വകയാണ്. കാർഷികവികസനം ഭക്ഷ്യ ദാരിദ്ര്യത്തെ നിർമാർജനം ചെയ്തു. കർഷകരുടെ അധ്വാനഭാരവും കുറച്ചു.

ആധുനികവൈദ്യശാസ്ത്രം ശാസ്ത്രത്തിന്റെ സംഭാവനയാണ്.

പലതരം മാരകമായരോഗങ്ങൾക്കും അറുതിവരുത്തുന്നത് ശാസ്ത്രത്തിന്റെ പിന്തുണയോടെയാണ് ഹൃദയം, തലച്ചോർ തുടങ്ങിയവയുടെ ശസ്ത്രക്രിയ ഇന്ന് വളരെ ലളിതവും അപകടരഹിതവുമാണ്. എല്ലാ അവയവമാറ്റ ശസ്ത്രക്രിയകളിലും ആധുനികവൈദ്യ ശാസ്ത്രത്തിന്റെ സഹായമാണ്. പകർച്ചവ്യാധികളുടെ നിയന്ത്രണവും ശാസ്ത്രംകൈവരിച്ച

നേട്ടമാണ്. ശാസ്ത്രം മനുഷ്യന് കിട്ടിയ അനുഗ്രഹമാണ്.

ശാസ്ത്ര ത്തിന്റെ സംഭാവനകളും നേട്ടങ്ങളും നിരവധിയാണ്. ആധുനികലോകത്തിന് ശാസ്ത്രത്തിന്റെ സഹായമില്ലാതെ നിലനിൽപ്പില്ല· അത് ശരിയായ വഴിക്ക് ഉപയോഗിച്ചാൽ ഭൂമിയുടെ സംരക്ഷണത്തിനും മാനവരാശിയുടെ പുരോഗതിക്കും ഉപകരിക്കാം



ഡിന്ന പി ചിറ്റിലപ്പിള്ളി

HST Chemistry

# ഒരു മൂന്നാർ യാത്രയിലൂടെ................



2023 സെപ്റ്റംബർ 30ന് ആയിരുന്നു ജീവിതത്തിൽ മറക്കാനാകാത്ത അനുഭവം നൽകിയ ഈ യാത്ര. കേരളത്തിലെ ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്നസുന്ദരമായപർവതപ്രവേശത്തിലേക്കുള്ള ഞങ്ങളുടെ മൂന്നാർ യാത്ര. പ്രകൃതിയുടെ മനോഹരിത തുളുമ്പി നിൽക്കുന്ന സ്ഥലം. ഞാൻ ആദ്യമായിട്ടാണ് മൂന്നാർക്ക് പോയത്. പിന്നീട് പല തവണ ഞാൻ അവിടെ പോകാൻ ആഗ്രഹിക്കുന്നു. എവിടെ നോക്കിയാലും പച്ചപ്പ് നിറഞ്ഞ് നിൽക്കുന്ന സ്ഥലം. അതിനോട് ഒപ്പം മനസ്സിന് കുളിര് നൽകുന്ന സ്ഥലം. കേരളത്തിലെ കാശ്മീർ എന്നാണ് മൂന്നാർ അറിയപ്പെടുന്നത്.

മൂന്നാറിന്റെ സൗന്ദര്യത്തിൽ മുഖ്യ പങ്ക് വഹിക്കുന്നത് അവിടെ പരന്ന് കിടക്കുന്ന തേയിലത്തോട്ടം തന്നെയാണ്. അതിന്റെ ക്രമീകരണം ഏതൊരാളുടേയും കണ്ണുകളെ ആകർഷിക്കുന്നതാണ്. ആദ്യം ഞങ്ങൾ അവിടെ കണ്ടത് ഒരു ചെറിയ വെള്ളച്ചാട്ടമാണ്. അതിമനോഹരമായ ഒരു വെള്ളച്ചാട്ടം തന്നെയായിരുന്നു അത്. അവിടെ നിന്ന് ഞങ്ങൾ പോയത് കുണ്ടള അണക്കെട്ടിലേക്കായിരുന്നു. മൂന്നാറിലെ ഒരു പ്രധാന വിനോദ

സഞ്ചാര കേന്ദ്രമായിരുന്നു .നമ്മിലെ കുട്ടിത്തത്തെ തൊട്ടുണർത്തുന്ന ചില സ്ഥലങ്ങളുണ്ട്. മൂന്നാറിലെ എക്കോ പോയിന്റ് അതുപോലൊരു സ്ഥലമാണ്. ഏതു ശബ്ദവും തിരിച്ച് അതുപോലെ തന്നെ നമ്മുടെ കാതുകളിൽ കേൾപ്പിക്കുന്നു. ഇവിടെയെത്തുന്ന സഞ്ചാരികൾ കുട്ടികളെപ്പോലെ ഉച്ചത്തിൽ വിളിക്കുന്നതും അതിന്റെ പ്രതിധ്വനിയിൽ ആവേശം കൊള്ളുന്നതും പതിവുകാഴ്ചയാണ് .അവിടെ നിന്ന് പുറപ്പെട്ട് ചുരം ഇറങ്ങി ഡി ജെ കഴിഞ്ഞ് ഭക്ഷണം കഴിച്ച് പിറ്റേന്ന് വെളുപ്പിന്  രണ്ടു മണിയോട് കൂടി വീട്ടിൽ തിരിച്ചെത്തി. സുഹൃത്തുക്കളുടെയും ടീച്ചർ മാരുടെയും കൂടിയുള്ള ഒരു മറക്കാനാകാത്ത ദിവസമായിരുന്നു



**മിഥുന കെ എസ്**
**10 A**

# ...നിനക്കായി...

നിനക്കായി ഞാൻ നോക്കിനിന്ന കാലം.
നിനക്കായി ജനലിൽ കാത്തുനിന്ന കാലം. നിനക്ക്
ഞാനും എനിക്ക് നീയും എന്ന കാലം.
എനിക്കായി നീ മാറ്റിവെച്ച ഓർമ്മകൾ .
നിനക്കായി എല്ലാം ഉപേക്ഷിച്ച കാലം വെറുതെ
ആയെന്ന് ഓർക്കുമ്പോൾ നെഞ്ച് പിടയുന്നു
കണ്ണുനീർ തുളുമ്പുന്നു മുറ്റത്തെ ചെടികൾ പോലും
എന്തിന് എന്ന് ചോദിച്ചു എനിക്ക് അറിയില്ല ഈ
ലോകം എങ്ങനെയെന്ന് എനിക്കറിയില്ല
എന്തെന്നാൽ നീ വരുമെന്ന പ്രതീക്ഷയിൽ ഞാൻ.
നിൻ തണലിൽ സുരക്ഷിത എന്ന വിശ്വാസം ആ
വിശ്വാസം തീ അണക്കുന്നതുപോലെ
അണയ്ക്കരുത് അത് എൻ ജീവിതത്തിൽ
വെളിച്ചവും കെടുത്തുന്നു. നിനക്കായി ഈ ജന്മം
നോക്കി നിൽക്കും ഞാൻ...



**വിസ്മയ എൻ എ**
**9B**

# ഭോപ്പാൽ നൊമ്പരങ്ങൾ

വർഷങ്ങളേറെ കഴിഞ്ഞു
കർഷകർ കൃഷിയൊഴിഞ്ഞു
മീഥൈൽ സയനൈറ്റിന്റെ
മീതെ ചത്തൊടുങ്ങുന്നു കാലികൾ
ദീനരോദനങ്ങൾ മുഴങ്ങുന്നു
ദീനങ്ങൾ പെരുകുന്നു
അനാഥരേറെ അതിലേറെ
സനാഥരുടെ വൈകല്യങ്ങൾ
വിധവാ കോളനിയിൽ വിധവകളേറെ
വിധിയറിയാതെ വിഭ്രാന്തി തരും
കാൽനൂറ്റാണ്ടിനു മുമ്പൊരു
കാളരാത്രി സമ്മാനിച്ചിതിതെല്ലാം



ലത പി മേനോൻ
U PST

# മണിപ്പൂരിൽ

പുകമോന്തുന്ന നഗരങ്ങൾ
തോക്കേന്തുന്ന ഗ്രാമങ്ങൾ
മണിപ്പൂരിൽ
നിന്നും എത്തുന്നു
രക്തം പുരണ്ട വാർത്തകൾ
ചാംതൊങ്ങിന്റെ
മധുരം മറന്നു
കുട്ടികൾ കിട്ടിയതെന്തോ
വാരി തിന്ന്
വിശപ്പാറ്റുന്ന
തളർന്നുറങ്ങുന്ന
അവരുടെ സ്വപ്നങ്ങളിൽ
വിഷ സർപ്പങ്ങൾ
ചീറ്റുന്നു

ആർക്കുവേണമെങ്കിലും
ഏതു നിമിഷവും
വലിച്ചു കീറാവുന്ന
പതാക പോലെ
ഗ്രാമത്തിലെ സ്ത്രീകൾ
ദുർബലരായി
ഭീതിയുണ്ട് കഴിയുന്നു
കാമ തീപന്തം പേറി
അലച്ചെത്തുന്ന പുരുഷാരം

തെരുവിൽ
പെൺകിടാങ്ങളുടെ
ഉടുപ്പൂരിയിന്നു
ഉരിഞ്ഞ് തിന്നുന്നു

ധർമ്മ രക്ഷാർത്ഥമായ്
അവതാരങ്ങളില്ല
കിരീടവും ചെക്കോലും
ഏന്തുന്നവർ മാന്ത്രികരായ്
വാക്കുകൾ
കൊണ്ട് സ്വർഗ്ഗം പണിയുന്നു
കണ്ട് നിൽക്കെഅപ്രത്യക്ഷരാകുന്നു

തമ്മിലടിച്ച് മുട്ടനാടുകളായ്
ഗ്രാമീണർ ചോര ചീന്തുന്നത് കണ്ട്
മറവിലൊരു കുറുക്കൻ
ശബ്ദം കേൾപ്പിക്കാതെ
ഓരിയിടുന്നു

ദൂരെയൊരു
ശവമഞ്ചം അകമ്പടികളോടെ
കടന്നുപോകുന്നു



ശ്രീല വി വി
HSST

# കാത്തിരിപ്പ്

കുറെ നേരമായി കാത്തിരിക്കുന്നു. ഇന്ന് വന്നില്ലല്ലോ.എന്ത് പറ്റി? അറിയില്ല.സങ്കടം തോന്നുന്നു, കലശലായി സങ്കടം.കണ്ണുകൾ പുകയുന്നു.കണ്ണുനീർ ഇറ്റ് വീഴുന്നു ഒരു കുളിർക്കാറ്റ് തന്നെ തഴുകി പോകുന്നുണ്ട്. വിരിയാൻ കാത്തിരുന്ന ആ മുല്ല മൊട്ടിലൂടെ ആകാശത്തേക്ക് നോക്കി വരുമെന്ന് പ്രതീക്ഷിച്ചിരുന്നു.പക്ഷേ ഇന്നെന്തോ നിലാവ് അവളിൽ കനിഞ്ഞില്ല. ആകാശത്തേക്ക് ഉരുണ്ടുകൂടിയ കാർമേഘത്തിലേക്കവൾ ഉറ്റുനോക്കി.പിണക്കമായിരുന്നു അവൾക്ക് കാർനിലാവിനോട്ടും.

"എന്തിനാ തന്റെ നിലാവിനെ ഒളിപ്പിച്ചിരിക്കുന്നത് എന്നു ചോദിക്കാൻ തന്റെ ഉള്ളം വെമ്പിയിരുന്നു"

തന്നോട് ഒളിച്ചു കളി നടത്തുന്ന നിലാവിനോടും മുല്ലപ്പൂ പിണങ്ങി. പക്ഷേ നാളെ വരുമെന്ന പ്രതീക്ഷയിൽ അവൾ കാത്തിരുന്നു.പ്രകൃതിയുടെ സ്വർണ്ണ കിരണങ്ങൾ ഇളം പിങ്കായിരുന്ന താമരയുടെ ഇതളുകളിൽ വന്നു വീണു. അവൾ സൂര്യനെ നോക്കി കണ്ണുകൾ വിടർത്തി. ഇന്നലെ കാർമേഘത്തെ കണ്ടു പേടിച്ചിരുന്നു.പക്ഷേ ഇന്ന് സൂര്യൻ വന്നു. പകലിന്റെ ദൈർഘ്യം കൂട്ടണേ എന്നവൾ ഈശ്വരനോട് പ്രാർത്ഥിച്ചു. പക്ഷേ കാർമേഘം വന്നു. ഉണങ്ങി വരണ്ട മണ്ണിലേക്ക് മഴ അരിച്ചിറങ്ങി. പുതുമണ്ണിന്റെ മണം എങ്ങും നിറഞ്ഞു. ഒന്നോർത്താൽ മണ്ണ് മഴയെ കാത്തിരിക്കുകയായിരുന്നു.മുല്ല നിലാവിനെ കാത്തിരുന്നതു പോലെ....താമര സൂര്യനെ കാത്തിരുന്നത് പോലെ.....

അന്ന് രാത്രി പിണങ്ങിയിരുന്ന മുല്ലയെ നിലാവ് ചുംബിച്ചു

താമരയുടെ ഇതളുകൾ നാണത്താൽ ഒന്നു കൂടി ചുമന്നു.
പുതുമണ്ണിന്റ മണം നാസികയിലേക്ക് അരിച്ചു കയറിയപ്പോൾ
വേഴാമ്പൽ മഴയ്ക്കായി വീണ്ടും കാത്തിരുന്നു.......



സേറ റോസ്
9A

# കലോത്സവം

നവംബർ 14,15,16 തിയ്യതികളിലായി നടന്ന ഉപജില്ല കലോത്സവത്തിൽ 54ഇനങ്ങളിലായി 70 കുട്ടികൾ പങ്കെടുത്തു. ജലച്ചായത്തിൽ അഖിൽ സി എ ഫസ്റ്റ് എ ഗ്രേഡ് നേടി. കഥ രചനയിൽ കൃഷ്ണപ്രിയ കെ എച്ച് ഫസ്റ്റ് എ ഗ്രേഡ് നേടി. തമിഴ് പദ്യം ചൊല്ലൽ കാർത്തിക് കൃഷ്ണ
മാപ്പിളപ്പാട്ട് ആര്യഭദ്ര, ലക്ഷ്മി എം കൃഷ്ണൻ മോണോ ആക്ട് ആലാപ് എൻ എന്നിവർ എ ഗ്രേഡ് നേടി.




തിരുവാതിരക്കളിയിൽ യു.പി, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് എ ഗ്രേഡ് ലഭിച്ചു.സംഘഗാനം യു.പി,ഹൈസ്കൂൾ വിഭാഗത്തിനും എ ഗ്രേഡ് ലഭിച്ചു. സംസ്കൃതം പദ്യം ചൊല്ലൽ അക്ഷര പി അനിൽ എ ഗ്രേഡ് നേടി. സംസ്കൃതം സംഘഗാനം, ദേശഭക്തി ഗാനത്തിനും ഹൈസ്കൂൾ വിഭാഗം പെൺകുട്ടികൾ എ ഗ്രേഡ് കരസ്ഥമാക്കി.

പാഠകത്തിന് ലക്ഷ്മി സി എസിനു എ ഗ്രേഡ് ലഭിച്ചു.മൗര്യശ്രീ സി ആറിനു യു.പി പ്രഭാഷണത്തിൽ എ ഗ്രേഡ് നേടി. മോണോ ആക്ട് നിതീഷ് കൃഷ്ണ ടി യു. പി എ ഗ്രേഡ് നേടി.

# കലോത്സവ

# പ്രതിഭകൾ










തിരുവാതിര H S


തിരുവാതിര U P



സംഘ ഗാനം



നാടോടി നൃത്തം


ദേശഭക്തി ഗാനം


പദ്യം ചൊല്ലൽ

# മേളകൾ







സാമൂഹ്യശാസ്ത്ര മേളയിൽ ഉപജില്ല തലത്തിൽ സ്റ്റിൽ മോഡലിൽ യു പി വിഭാഗത്തിൽ കാർത്തിക് കൃഷ്ണ,ആൻമരിയ ജെയ് മോൻ എന്നിവരടങ്ങുന്ന ടീമിന് എ ഗ്രേഡ് ലഭിച്ചു. പ്രവൃത്തി പരിചയ മേളയിൽ ത്രഡ്പാറ്റേണിൽ അശ്വന്ദ്കൃഷ്ണ 7A ഒന്നാംസ്ഥാനം ലഭിച്ചു. ക്ലേ മോഡലിങ്ങ് യു പി വിഭാഗം പ്രയാഗ് ടി പി മൂന്നാം സ്ഥാനം ലഭിച്ചു

ഹൈസ്കൂൾ വിഭാഗത്തിൽ കുട നിർമ്മാണത്തിന് അരുണിമക്ക് ഒന്നാം സ്ഥാനം ലഭിച്ചു. ബീഡ്സ് വർക്ക് ആദ്രക്ക് രണ്ടാം സ്ഥാനം ലഭിച്ചു.






## അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്കായി കഥകളി വിദഗ്ധൻ വിനോദ് മാസ്റ്ററുടെ കഥകളി പഠനക്ലാസ്സ്.

## ലഹരി ബോധവത്കരണം

- ഫ്ളാഷ് മോബ്
- റാലി



# വിജയോത്സവം

2022-23വർഷത്തിലെ എസ് എസ് എൽ സി പരീക്ഷയിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സമ്മാനദാനം നൽകി. വാർഡ് മെമ്പർ ശ്രീ ശ്യാംരാജ്,വാർഡ് മെമ്പർ ശ്രീമതി ലീന ഉണ്ണി കൃഷ്ണൻ,തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്  ലതചന്ദ്രൻ എന്നിവരുടെ നേതൃതത്തിൽ മെമോന്റോ നൽകി ആദരിച്ചു.



# ആഘോഷങ്ങളിലൂടെ










ബഷീർ ദിനം


സ്വാതന്ത്ര്യദിനം


ഗാന്ധിജയന്തി

# സ്കൂൾ വാർഷികം 2024

**78** വർഷങ്ങളായി കലാകായികപഠനരംഗത്ത് വലിയ മുന്നേറ്റം കാഴ്ച വയ്ക്കുന്നു. ഈ വർഷത്തെ വാർഷിക ആഘോഷങ്ങളിൽ വിരമിക്കുന്ന അദ്ധ്യാപകരായ, സംസ്കൃതത്തിൽ കുട്ടികൾക്ക് ബാലപാഠം പകർന്നു തന്ന രാമൻ മാസ്റ്റർക്കും ,സംഗീതത്തിൽ കുട്ടികൾക്ക് രാഗവും താളവും പകർന്നു നൽകിയ അരുണ ടീച്ചർക്കും യാത്രയയപ്പ് നൽകി.

## അരുണാരാമം






78-ാം സ്കൂൾ വാർഷിക ആഘോഷത്തിന്റെ യോഗത്തിൽ അധ്യക്ഷത വഹിച്ചത് വേളൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ എസ് ധനീഷ് അവർകളാണ് ഹെഡ്മാസ്റ്റർ മെജോപോൾ മാസ്റ്റർ സ്വാഗതവും പ്രിൻസിപ്പൽ രാജേഷ് മാസ്റ്റർ ആമുഖപ്രഭാഷണവും നടത്തി സ്റ്റാഫ് സെക്രട്ടറി മിനിത ടീച്ചർ റിപ്പോർട്ട് അവതരിപ്പിച്ചു




ഉദ്ഘാടകൻ ബഹുമാനപ്പെട്ട എം പി പ്രതാപൻ സാറായിരുന്നു. സമ്മാനദാനം നിർവഹിച്ചത് വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി വിജയലക്ഷ്മി വിനയചന്ദ്രൻ ആണ്. ഫോട്ടോ അനാച്ഛാദനം നടത്തിയത് ഇരിഞ്ഞാലക്കുട DEO ബാബുസാർ ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരായ അരുണ ടീച്ചറും രാമൻ മാഷും മറുപടി പ്രസംഗം പറഞ്ഞു. ആശംസകൾ അർപ്പിച്ചവർ വാർഡ് മെമ്പർ ശ്രീമതി ലീന ഉണ്ണികൃഷ്ണൻ, ബിബിൻ തുടിയത്, ശ്യാംരാജ് സി ആർ, ബി പി സി ഗോഡ് വിൻ, കെ കെ കൃഷ്ണൻനമ്പൂതിരി, സജു കെ എസ്, എ സി സുരേഷ്, സജു ചന്ദ്രൻ, സംഗീത സജീവ് എന്നിവരാണ്. സ്കൂൾ ചെയർമാൻ ഗീതു പി എം നന്ദി പ്രകാശിപ്പിച്ചു





ഉപഹാര സമർപ്പണം

# വാർഷികാഘോഷങ്ങളിലൂടെ








# ചിത്രരചനകൾ



ഹരീഷ് 5A
സാന്ദ്ര എം എസ് 6A
വൈഗ കെ എസ് 6A
ദയ ടി എസ് 5B
വൈഗലക്ഷ്മി 7A
ജയദേവ് 5A







തീർത്ഥ 7A
അർജ്ജുൻ ചന്ദ്രൻ 7A
കാർത്തിക്ക് കൃഷ്ണ 7A
നിവേദ് സി ഉല്ലാസ് 7A
കൃഷ്ണ സി എസ് 6A









ലക്ഷമി സി എസ്
9A





# ലിറ്റിൽ കൈറ്റ്സ്
# അംഗങ്ങൾ

സേറ റോസ്
സപ്തമി കൃഷ്ണ
ലക്ഷ്മി സി എസ്
എൻ.എസ് ദേവിക
ആതിര മനോജ്
അഭിനവ് കെ.എസ്
അഭിനവ് സലീഷ്
ആദിശങ്കർ
ആര്യൻ കെ ജെ
ഗോവിന്ദ് ബ്രിജേഷ്
ആർദ്ര  കെ.വി

ആകർഷ് കെ ടി
അശ്വിൻ
ജിസ് മോൻ
വിസ്മയ എൻ എ
ആതിര ഷിജു
ആതിര കെ എസ്
ആദിലക്ഷ്മി
തേജാ കെ ജെ
ആർദ്ര കെ വി
വൈഗ വിനോദ്
അശ്വതി സന്തോഷ്



# നന്ദി

എഴുപതെട്ട് വർഷങ്ങളുടെ പൂർണ്ണതയിൽ തിളങ്ങി നിൽക്കുന്ന എൽ ബി എസ് എം എച്ച് എസ് എസ് വിദ്യാലയത്തിന് വന്ദനം. ഈ വർഷം ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഞങ്ങൾ സമർപ്പിക്കുന്ന "ദലങ്ങൾ" എന്ന മാസികയ്ക്ക് അരങ്ങിലും അണിയറയിലും പ്രവർത്തിച്ച സഹപാഠികൾക്ക് ഹൃദയം നിറഞ്ഞ നന്ദി .ഈ മാസികയുടെ പൂർണ്ണതയിൽ എത്താൻ ഞങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ തന്ന ഞങ്ങളെ സഹായിച്ച എല്ലാ അധ്യാപകർക്കും നന്ദി.

♥ ♥ ♥